മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 06 No. 37 THE ONLINE OFFICIAL NEWS BULLETIN 2023 September 09

SEASON OF CROSS സ്ലീബാകാലം ܥܕܢܐ ܕܨܠܝܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
10 4th Sunday after Shunoyo ♪6	11 ♪2	12 ♪6	13 ♪2	14 ✝ Sleebo The Feast of Holy Cross ♪8	15 111th Anniversary of the Establishment of Catholicate in Malankara ♪7	16 ♪3




His Holiness Patriarch Kirill of Moscow and All Russia with His Holiness Catholicos Baselius Marthoma Mathews III at Dormitation Cathedral, Kremlin, Russia.



On September 7 His Holiness Catholicos Baselios Marthoma Mathews III visits St. Petersburg Theological Academy.

After a tour of the theological school in the assembly hall, the guest was presented with a diploma conferring the degree of honorary doctor "honoris causa" based on the decision of the Academic Council of the Academy and with the blessing of His Holiness Patriarch Kirill of Moscow and All Russia, Russian Orthodox Church.

ഉമ്മൻചാണ്ടിയുടെ പിൻഗാമിയായി ചാണ്ടി ഉമ്മൻ



കോട്ടയം: കേരള നിയമസഭയിലേക്ക് പുതുപ്പള്ളി നിയോജകമണ്ഡലത്തിൽ സെപ്റ്റംബർ 5-നു നടന്ന നടന്ന ഉപതിരഞ്ഞെടുപ്പിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കോട്ടയം ഭദ്രാസനത്തിലെ പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമായ ചാണ്ടി ഉമ്മൻ വിജയിച്ചു. ഭൂരിപക്ഷം 37719.

പുതുപ്പള്ളി കരോട്ട് വള്ളക്കാലിൽ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ പുത്രനായി 1986-ൽ ജനിച്ചു. ഡൽഹി സർവകലാശാലയിലെ സെന്റ് സ്റ്റീഫൻസ് കോളജിൽ നിന്ന് ചരിത്ര ബിരുദവും ബിരുദാനന്തര ബിരുദവും (BA & MA) നേടി.

ഡൽഹി യൂണിവേഴ്സിറ്റി ലോ സെന്ററിൽ നിന്ന് LLB. ഇന്ത്യയിലെ രണ്ടാമത്തെ ലോ കോളജ് ആയ ഡൽഹി നാഷണൽ ലോ യൂണിവേഴ്സിറ്റിയിൽ നിന്ന് ക്രിമിനോളജിയിൽ LLM. ബാംഗ്ളൂർ ക്രൈസ്റ്റ് യുണിവേഴ്സിറ്റിയിൽ നിന്ന് കോൺസ്റ്റിറ്റ്യൂഷനൽ ലോയിൽ രണ്ടാമത്തെ LLM. ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സിൽ നിന്ന് ഡിപ്ളോമ.

സുപ്രീംകോടതിയിലെ അംഗീകൃത വക്കീൽ. കപിൽ സിബലിന്റെ ജൂണിയർ ആയിരുന്നു. ഡൽഹിയിലെ രണ്ട് യൂണിവേഴ്സിറ്റികളിൽ ഗസ്റ്റ് അദ്ധ്യാപകൻ. NSU വിലും യൂത്ത് കോൺഗ്രസിലും മികച്ച പ്രവർത്തന പാരമ്പര്യം.

പുതുപ്പള്ളി: മലങ്കരസഭാംഗങ്ങൾ മാത്രം ജയിച്ച കേരളത്തിലെ ഏക മണ്ഡലം

കോട്ടയം: മലങ്കരസഭാംഗങ്ങൾ മാത്രം ജയിച്ച കേരളത്തിലെ ഏക മണ്ഡലം എന്ന അപൂർവ്വ ബഹുമതി പുതുപ്പള്ളിക്കു സ്വന്തം. പുതുപ്പള്ളി നിയമസഭാമണ്ഡലം രൂപീകൃതമായതിനു ശേഷം അവിടെ നിന്നും വിജയിച്ച ഡോ. പി. റ്റി. തോമസ് പാലാമ്പടം (1954), പി. സി. ചെറിയാൻ പടിഞ്ഞാറേക്കര (1957, 1960), ഇ. എം. ജോർജ് (1965, 1967), ഉമ്മൻചാണ്ടി (1970-2023), ചാണ്ടി ഉമ്മൻ (2023) എന്നിവർ മലങ്കരസഭാംഗങ്ങൾ ആണ്.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ നേതൃത്വത്തിലുള്ള മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ പ്രതിനിധി സംഘത്തിന്റെ റഷ്യൻ സന്ദർശനം.







On September 7 His Holiness Catholicos Baselios Marthoma Mathews III visits St. Petersburg Theological Academy.

After a tour of the theological school in the assembly hall, the guest was presented with a diploma conferring the degree of honorary doctor "honoris causa" based on the decision of the Academic Council of the Academy and with the blessing of His Holiness Patriarch Kirill of Moscow and All Russia, Russian Orthodox Church.



Malanakara Orthodox Church delegation led by Catholicos Marthoma Mathews III visited the tomb of St. Xenia of St. Petersburg, Russia. Saint Xenia of St. Petersburg is the patron saint of St. Petersburg, who according to tradition, gave all her possessions to the poor after her husband died.



Barsanuphius (Vladimirovich), Metropolitan of St. Petersburg and Ladoga receives HH Marthoma Mathews III in St. Petersburg, Russia.

ப. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ നേതൃത്വത്തിലുള്ള മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ പ്രതിനിധി സംഘത്തിന്റെ റഷ്യൻ സന്ദർശനം.



ப. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായും മലങ്കരസഭാ പ്രതിനിധി സംഘവും മോസ്കൊ സെന്റ് പീറ്റേഴ്സ് ബർഗ് സെമിനാരിയിൽ കാലം ചെയ്ത നീക്കോദിം മെത്രാപ്പോലീത്തായുടെ കബറിടം സന്ദർശിച്ചു ധൂപപ്രാർത്ഥന നടത്തി.

നീക്കോദിം മെത്രാപ്പോലീത്താ റഷ്യൻ ഓർത്തഡോക്സ് സഭയുടെ മുൻ ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്റ്റേർണൽ റിലേഷൻ തലവനായിരുന്നു. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ ഉറ്റസുഹൃത്തായിരുന്നു. വത്തിക്കാനിൽ 1978-ൽ പുതുതായി സ്ഥാനമേറ്റ ജോൺ പോൾ ഒന്നാമൻ മാർപാപ്പായെ സന്ദർശിച്ചുകൊണ്ടിരിക്കെ 49 വയസുകാരനായ നീക്കോദിം മെത്രാപ്പോലീത്താ കുഴഞ്ഞു വീണു കാലം ചെയ്യുകയായിരുന്നു. ആ മരണത്തെ തുടർന്ന് അടുത്ത സന്ദർശകനായി മാർപാപ്പായെ കണ്ടത് പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ആയിരുന്നു. ഒരു മാസത്തിനു ശേഷം സ്ഥാനമേറ്റ് 33-ാം ദിവസം ജോൺ പോൾ ഒന്നാമൻ മാർപാപ്പായും പെട്ടെന്ന് കാലം ചെയ്തു.



Metropolitan Anthony of Volokolamsk received the Primate of the Malankara Orthodox Church, HH Baselius Marthoma Mathews III on 04 September 2023 at the Department for External Church Relations of the Moscow Patriarchate. The meeting was also attended by members of the delegation accompanying His Holiness Catholicos.





ப. ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായും മലങ്കര ഓർത്തഡോക്സ് സഭ പ്രതിനിധി സംഘവും മോസ്കോയിലെ ചിൽഡ്രൻ സ്പെഷ്യാലിറ്റി ആശുപത്രി സന്ദർശിച്ചു.





പ. പൗരസ്ത്യ കാതോലിക്കായുടെ വത്തിക്കാൻ സന്ദർശനം 2023 സെപ്റ്റംബർ 9 മുതൽ 12 വരെ



റോം: മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന മേലധ്യക്ഷൻ പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ ബാവാ സെപ്റ്റംബർ 9–12 തീയതികളിൽ വത്തിക്കാൻ സന്ദർശനം നടത്തുന്നു. കത്തോലിക്കാ സഭയുടെ പ്രധാന മേലധ്യക്ഷൻ പ. ഫ്രാൻസിസ് മാർപാപ്പയുടെ അതിഥി ആയാണ് പ. ബാവ എത്തുന്നത്. ഇരു സഭാ തലവന്മാരും തമ്മിലുള്ള കൂടിക്കാഴ്ചയും സഭാ സൗഹൃദ ചർച്ചകളും സന്ദർശനത്തിൽ നടക്കും.

റഷ്യൻ ഓർത്തഡോക്സ് സഭാ സന്ദർശനശേഷം സെപ്റ്റംബർ 9–ന് ഉച്ചക്ക് 01:30–ന് റോമിലെ അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തും. അന്ന് വൈകുന്നേരം 6 മണിക്ക് സെന്റ് പീറ്റേഴ്സ് ബസലിക്കയിലെ വിശുദ്ധ പത്രോസ് ശ്ലീഹായുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥന നടത്തും.

സെപ്റ്റംബർ 10–ന് ഞായറാഴ്ച രാവിലെ 9 മണിക്ക് റോമിലെ സെന്റ് പോൾസ് ബസലിക്കയിൽ (വിശുദ്ധ പൗലോസ് ശ്ലീഹായുടെ കബറിടം സ്ഥിതി ചെയ്യുന്ന പള്ളി) പ. ബാവ വിശുദ്ധ കുർബാന അർപ്പിക്കും. തുടർന്ന് റോമിലെ മലങ്കര ഓർത്തഡോക്സ് സഭാ വിശ്വാസികളുമായുള്ള കൂടിക്കാഴ്ച. വൈകുന്നേരം 6 മണിക്ക് അർമീനിയൻ ഓർത്തഡോക്സ് സഭയുടെ ആഭിമുഖ്യത്തിൽ ഉള്ള എക്യുമെനിക്കൽ മീറ്റിംഗിൽ പങ്കെടുക്കും.

സെപ്റ്റംബർ 11–ന് രാവിലെ 9 മണിക്ക് പ. ഫ്രാൻസിസ് ഒന്നാമൻ മാർപാപ്പായും പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായും തമ്മിലുള്ള ഔദ്യോഗിക കൂടിക്കാഴ്ച്ച നടക്കും. 11 മണി മുതൽ Disastery for Promoting Christian Unity യുടെ പരിപാടിയും അതിന്റ ഭാഗമായി വൈകുന്നേരം 4 മണി മുതൽ സിസ്റ്റീൻ ചാപ്പൽ, വത്തിക്കാൻ മ്യൂസിയം, റോമിലെ സാന്ത മരിയ മാജിയോര ബസലിക്ക എന്നിവയും സന്ദർശിക്കും.



സെപ്റ്റംബർ 12ഴ രാവിലെ വത്തിക്കാൻ സിനടിന്റെ ജനറൽ സെക്രട്ടറിയേറ്റു സന്ദർശനവും ഔദ്യോഗിക വിടവാങ്ങൾ ചടങ്ങുകളും നടക്കും. ഉച്ചക്ക് 2 മണിക്ക് നാല് ദിവസത്തെ ഔദ്യോഗിക വത്തിക്കാൻ സന്ദർശനം പൂർത്തിയാക്കി പ. കാതോലിക്കാ ബാവാ സ്വദേശത്തേക്ക് മടങ്ങും.

പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ ഉപരിപഠനാർത്ഥം 1980–കളിൽ റോമിൽ താമസിച്ചിട്ടുള്ളതും 2017–ൽ മെത്രാപ്പോലീത്താ ആയിരിക്കുമ്പോൾ തനിച്ചും അതിന് മുമ്പ് പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവായോടൊപ്പവും റോമും വത്തിക്കാനും സന്ദർശിച്ചിട്ടുള്ളതുമാകുന്നു.

പൗരസ്ത്യ കാതോലിക്കായുടെ വത്തിക്കാൻ സന്ദർശനചരിത്രം ഒരു നൂറ്റാണ്ടിനോട് അടുത്ത് വരെ നീളുന്നതാണ്. 1937–ൽ നടന്ന എഡിൻബറോ സമ്മേളനശേഷം മടക്കയാത്രയിൽ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ നടത്തിയ സന്ദർശനം ആണ് ഈ ശ്രേണിയിലെ ആദ്യത്തേത്. റോമിൽ വിശുദ്ധ പത്രോസ്, പൗലോസ് എന്നീ ശ്ലീഹന്മാരുടെ കബറിടങ്ങൾ ഉള്ള വത്തിക്കാൻ സെന്റ് പീറ്റേഴ്സ് ബസലിക്കയും റോമിലെ സെന്റ് പോൾസ് ബസലിക്കയും അന്ന് പ. പിതാവ് സന്ദർശിച്ചു പ്രാർത്ഥന നടത്തി.

ഇരു സഭാതലവന്മാരുടെയും ആദ്യ ഔദ്യോഗിക കൂടിക്കാഴ്ച്ച നടന്നത് 1964 ഡിസംബറിൽ ആയിരുന്നു. ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കാൻ ബോംബെയിൽ എത്തിയ പ. പോൾ ആറാമൻ മാർപാപ്പാ, മലങ്കരസഭാ തലവൻ പ. മോറാൻ മാർ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായെ കാണാൻ ആഗ്രഹം പ്രകടിപ്പിച്ചു. പാപ്പായുടെ ക്ഷണം സ്വീകരിച്ചു ഔഗേൻ ബാവാ ബോംബെയിൽ എത്തി സൗഹൃദ സംഭാഷണം നടത്തി. വളരെ ഹൃദ്യമായിരുന്ന ആ കൂടിക്കാഴ്ച്ചയിൽ വച്ച് കാതോലിക്കാബാവായെ വത്തിക്കാനിലേക്ക് ക്ഷണിക്കുകയും ചെയ്തു. എന്നാൽ പ. ഔഗേൻ ബാവായ്ക്ക് പ്രായാധിക്യത്താൽ ആ ക്ഷണം സ്വീകരിക്കാൻ സാധിച്ചില്ല.

പൗരസ്ത്യ കാതോലിക്കായുടെ ആദ്യ ഔദ്യോഗിക വത്തിക്കാൻ സന്ദർശനം 1983–ൽ ആയിരുന്നു. പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവാ 1983 ജൂണിൽ പരിവാരസമേതം വത്തിക്കാൻ സന്ദർശനം നടത്തി. മാത്യൂസ് മാർ കൂറിലോസ്, പൗലോസ് മാർ ഗ്രീഗോറിയോസ് എന്നീ പിതാക്കന്മാരും ഈ സന്ദർശനത്തിൽ കൂടെ ഉണ്ടായിരുന്നു.

മലങ്കര ഓർത്തഡോക്സ് സഭയിൽ ഔദ്യോഗിക സന്ദർശനം നടത്തുന്ന ആദ്യ മാർപാപ്പാ പ. ജോൺ പോൾ രണ്ടാമനാണ്. 1986 ഫെബ്രുവരിയിൽ കേരളത്തിൽ എത്തിയ അദ്ദേഹം പൗരസ്ത്യ കാതോലിക്കായുടെ ആസ്ഥാന ദൈവാലയമായ കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വരികയും പ. മാത്യൂസ് പ്രഥമൻ ബാവായുടെ ആതിഥ്യം സ്വീകരിക്കുകയും ചെയ്തു.


വളരെ സവിശേഷതകൾ ഉള്ളതായിരുന്നു 2013–ൽ പ. ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ നടത്തിയ വത്തിക്കാൻ സന്ദർശനം. പ. ഫ്രാൻസിസ് മാർപാപ്പായുടെ ക്ഷണം സ്വീകരിച്ചു വത്തിക്കാനിൽ എത്തിയ ബാവായ്ക്കും സംഘത്തിനും ലഭിച്ചത് അതിഗംഭീരമായ സ്വീകരണമായിരുന്നു.

ഇപ്പോൾ പ. മാത്യൂസ് തൃതീയൻ ബാവാ സെപ്റ്റംബറിൽ നടത്തുന്ന സന്ദർശനത്തോടു കൂടി ഇരു സഭകളും തമ്മിലുള്ള ബന്ധങ്ങൾ കൂടുതൽ ദൃഢമാകും.

– ജിജി റോം

വിശ്വാസ പഠനം

'വി. കുർബ്ബാനയിലെ പരസ്യശുശ്രൂഷയുടെ പ്രഥമഭാഗം'



ഡോ. ഗീവർഗീസ് യൂലിയോസ് മെത്രാപ്പോലീത്താ

'വി. കുർബാന പൗരസ്ത്യക്രൈസ്തവ സഭാപാരമ്പര്യത്തിൽ' എന്ന ഫാ. ഡോ. ജോർജ്ജ് കോശിയുടെ ഗ്രന്ഥത്തിന്റെ നാലാം അദ്ധ്യായത്തിന്റെ ശീർഷകമാണ് ഈ ലേഖനത്തിന്റെ ശീർഷകം.

(ബ. അച്ചന്റെ പുസ്തകം വി. കുർബാനയുടെ ഒരുക്കശുശ്രൂഷ - തൂയോബോ - ഭാഗത്തെക്കുറിച്ചുള്ള പഠനം പൂർണ്ണമായും വിട്ടുകളഞ്ഞിരിക്കുന്നതിനാൽ ഈ പഠനത്തിലും ആയത് ഉൾപ്പെടുത്തിയിട്ടില്ല.)

'വി. കുർബാനയുടെ ഒരുക്ക ശുശ്രൂഷ പൂർത്തീകരിച്ചശേഷം...' എന്ന വരികളിലൂടെയാണ് 53 പേജുകളും 95 കുറിപ്പുകളുമുള്ള അദ്ധ്യായം അച്ചൻ ആരംഭിക്കുന്നത്. പരസ്യശുശ്രൂഷയെ അന്നഫുറയ്ക്കു മുമ്പുള്ള ക്രമം (Pre-Anaphora), അന്നഫുറയുടെ ക്രമം എന്നിങ്ങനെ രണ്ടായി തിരിക്കാമെന്നും പരസ്യശുശ്രൂഷയുടെ ആരംഭം മുതൽ വിശ്വാസപ്രമാണം വരെ ആദ്യ ഭാഗവും കാർമ്മികൻ പദവി കയറി (ദർഗ്ഗാ) ഏതെങ്കിലും ഒരു 'തക്സാ' വച്ച് നടത്തുന്ന അന്നഫുറാ രണ്ടാം ഭാഗവുമാണെന്ന പൊതു അറിവുകൾ ആമുഖമായി രേഖപ്പെടുത്തുന്നു.

ആദ്യഭാഗത്തിന് വചനശുശ്രൂഷാഭാഗം (Liturgy of the word) എന്നും രണ്ടാം ഭാഗത്തിന് അപ്പത്തിന്റെ ശുശ്രൂഷ (Liturgy of the Bread) എന്നും പറയുന്നു. കൂടാതെ ആദ്യഭാഗത്തിന് സ്നാനാർത്ഥികളുടെ ക്രമം (order of the Catechumens) എന്നും രണ്ടാം ഭാഗത്തിന് വിശ്വാസികളുടെ ക്രമം (order of the faithful) എന്നും പേരുകൾ ഉണ്ട്. യാമപ്രാർത്ഥനകളുടെ പൂർത്തീകരണത്തിനും പഴയ നിയമവായനകൾക്കും ശേഷം "ഞങ്ങളുടെ കർത്താവായ യേശുമശിഹാ! നിന്നെ പ്രസവിച്ച മാതാവും...." എന്ന അപേക്ഷ പ്രധാന കാർമ്മികൻ ചൊല്ലുമ്പോൾ തിരശ്ശീല തുറന്ന് പരസ്യശുശ്രൂഷ ആരംഭിക്കുന്നതു മുതൽ വിശ്വാസപ്രമാണം വരെയുള്ള ഭാഗത്ത് വി. മാമോദീസാ സ്വീകരിച്ചിട്ടില്ലാത്തവർക്കും, സ്വീകരിപ്പാൻ ഒരുങ്ങുന്നവർക്കും എല്ലാം പങ്കെടുക്കാം. അത് പൊതുവായ പരസ്യ ശുശ്രൂഷാ ഭാഗമാണ്. എന്നാൽ ദർഗ്ഗായിൽ കയറി അന്നാഫുറായുടെ ക്രമം ആരംഭിക്കുന്നതു മുതൽ വി. മാമോദീസാ സ്വീകരിച്ചിട്ടുള്ള വിശ്വാസികൾക്കു മാത്രം സംബന്ധിക്കാവുന്ന പരസ്യശുശ്രൂഷയുടെ 'രഹസ്യ' ഭാഗമാണ്; അത് 'എനിക്കും എന്റെ വീട്ടുകാർക്കും' (കർത്താവും സഭയുടെ മക്കളും) ആണ് എന്നും ഓർക്കണം.

ആരാധനാവർഷത്തിന്റെ ക്രമീകരണമനുസരിച്ചുള്ള വേദവായനാഭാഗങ്ങൾ (പൊതുലേഖനങ്ങൾ, പ. പൗലൂസ് ശ്ലീഹായുടെ ലേഖനങ്ങൾ, വി. സുവിശേഷങ്ങൾ) ഉറക്കെ വായിക്കുകയും അവയിലെ മർമ്മപ്രധാനമായ ആശയങ്ങൾ വിശ്വാസികൾക്ക് പൗരോഹിത്യസ്ഥാനികൾ ശ്രദ്ധയോടെ വിഭജിച്ച് വിളമ്പുകയും ചെയ്യുന്നതിനാലാണ് 'വചനവിഭജനഭാഗം' എന്ന് ഈ ഭാഗത്തെ വിളിക്കുന്നത്. ക്രിസ്തുവിന്റെ പരമമായ യാഗത്തെ വ്യാഖ്യാനിക്കുന്ന പിതാക്കന്മാർ തക്സാകളിൽ നൽകിയിരിക്കുന്ന പ്രുമിയോൻ-സെദറാകളും ഈ ഭാഗത്ത് വായിക്കുന്നു. മറ്റേതെങ്കിലും പ്രുമിയോൻ-സെദറാ ഈ ഭാഗത്ത് വായിക്കുന്നത് കാനോനികമല്ലാത്തതിനാൽ ആയതിന് കാർമ്മികന് അനുവാദമില്ല എന്നും ഓർത്തിരിക്കണം.

"നിന്റെ പക്കൽ ജീവന്റെ ഉറവുണ്ടല്ലോ. നിന്റെ പ്രകാശത്താൽ ഞങ്ങൾ പ്രകാശം കാണുന്നു" (സങ്കീ. 36:9) എന്ന് ധ്യാനിച്ച് പ്രധാന കാർമ്മികൻ തന്നെ വി. ത്രോണോസിൽ ആദി തിരിതെളിയിക്കുന്ന രീതി ആദിമസഭയിൽ ഉണ്ടായിരുന്നുവെന്നും, പിന്നീട് "വെളിവുനിറഞ്ഞോരീശോ...." എന്ന് ചൊല്ലി കാർമ്മികനോ, പകരം അനുവാദത്തോടുകൂടി ശെമ്മാശനോ വടക്കുവശത്തും അപ്രകാരം "വെളിവിൻ തട്ടിൽ...." എന്നു ചൊല്ലി തെക്കുവശത്തും ബലിപീഠത്തിൽ തിരികൾ തെളിയിച്ചശേഷം മാത്രമെ പരസ്യശുശ്രൂഷ ആരംഭിക്കാവൂ. "വെളിച്ചം ഉണ്ടാകട്ടെ" (ഉല്പ. 1:3) എന്ന സൃഷ്ടിയുടെ ആരംഭവാക്കുകളും, "ദീപങ്ങൾ നിത്യം കത്തികൊണ്ടിരിക്കേണ്ടതിന്.... അവൻ നിത്യവും യഹോവയുടെ സന്നിധിയിൽ തങ്കനിലവിളക്കിന്മേൽ ദീപങ്ങൾ ഒരുക്കിവയ്ക്കണം" (ലേവ്യ 24:2-4) എന്ന മോശൈകപ്രമാണവും യേശുക്രിസ്തു ലോകത്തിന്റെ വെളിച്ചമാണ് (യോഹ. 8:7) എന്നും ഉളവായവയെല്ലാം പ്രകാശമായ ക്രിസ്തുവിലൂടെയാണ് ഉളവായതെന്നുമുള്ള (യോഹ. 1:13) ധ്യാനങ്ങളും ഈ സമയത്ത് സംഗതമാണ്. ദേവാലയത്തിലെ തിരി തെളിയിക്കൽ സൃഷ്ടിയുടെ ആരംഭത്തെ കുറിക്കുന്നുവെന്ന ചിന്ത രാത്രിനമസ്കാരത്തിലെ "ഹാലേലുയ്യാ..." ചൊല്ലി മറ തുറക്കുന്ന സമയത്ത് പിതാക്കന്മാർ പ്രത്യേകം പഠിപ്പിക്കുന്നതും ഓർക്കാവുന്നതാണ്. സന്ധ്യാനമസ്കാരത്തിന്റെ ആരംഭത്തിലും പുതിയ ദിനം ആരംഭിക്കുന്നത് വി. ത്രോണോസിൽ തിരി തെളിയിച്ച് മറശീല നീക്കുമ്പോളാണല്ലോ.



"ഞായറാഴ്ചദിവസം 'യവുക്കറിസ്തിയ' ഖണ്ഡിപ്പിനായി ഞങ്ങൾ ഒരുമിച്ചു കൂടിയപ്പോൾ ആ മാളികയിൽ ഏറെ വിളക്കുകൾ കത്തിനിന്നിരുന്നു" (അപ്പോ. 20:7-8) എന്ന് വി. ലൂക്കോസ് സാക്ഷിക്കുന്നുണ്ടല്ലോ. അർദ്ധരാത്രിയിൽ ആഗതനാകുന്ന മണവാളനെ കത്തിച്ച വിളക്കുകളുമായി കാത്തുനിൽക്കുന്ന ബുദ്ധിയുള്ള മണവാട്ടിയാണ് (മത്തായി 25:6) പ. സഭ എന്ന് കർത്താവു തന്നെ പഠിപ്പിക്കുന്നുണ്ടല്ലോ. ദൈവതേജസ്സിന്റെ പ്രതീകം, പ്രഭാതത്തിന്റെ ഉദയം, നേരുള്ളവർക്ക് ഇരുട്ടിൽ വെളിച്ചം ഉദിക്കുന്നുവെന്നും, വെളിച്ചമായി പ്രകാശിക്കുന്ന വിശുദ്ധരും രക്തസാക്ഷികളുമായവരുടെ സാന്നിധ്യവും, നമ്മുടെ പാപങ്ങൾ അവൻ ക്ഷമിച്ചുവെന്നതിന്റെ ഉറപ്പുമാകുന്നു വി. ത്രോണോസ്സിലെയും മദ്ബഹായിലെയും വെളിച്ചമെന്നും വിവിധ പിതാക്കന്മാർ പഠിപ്പിക്കുന്നതായും ബ. അച്ചൻ രേഖപ്പെടുത്തുന്നു. ചുരുക്കത്തിൽ "അന്ധകാരത്തിലിരിക്കുന്ന ജനം കാണുന്ന അദ്ഭുത പ്രകാശ"മായവന്റെ സാനിധ്യമാണ് വെളിച്ചം. ഉദയസൂര്യനായ ക്രിസ്തുവിന്റെ കൗദാശിക സാന്നിധ്യവും അവന്റെ രണ്ടാം വരവിന്റെ പ്രത്യാശയും വെളിച്ചത്തിൽ വിശ്വാസി ദർശിക്കുന്നു. നാം വെളിച്ചത്തിൽ വസിക്കുമ്പോൾ അവന്റെ സംബന്ധികളായിത്തീരുന്നുവെന്ന് സാരം! അപ്പോൾ അവനെപ്പോലെ, അഥവാ തിരികൾ കത്തിയെരിഞ്ഞ് പ്രകാശം പരത്തുകയും ഒപ്പം ഇല്ലാതായി തീരുകയും ചെയ്യുന്നതുപോലെ, വിശ്വാസികൾ അവന്റെ ഭാവം ധരിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് മെഴുകുതിരികളും എണ്ണതിരികളും എപ്പോഴും നമ്മെ ഓർമ്മിപ്പിക്കണം.

ദേവാലയം ദൈവിക വെളിപ്പാടിന്റെ വേദിയായി പൗരസ്ത്യ ആരാധനയിൽ മാറ്റപ്പെടുന്നു ('In the East, Liturgy is not just a Service. It is also the Place of Theophany' - Fr. Robert Taft SJ) എന്ന് ബഹു. അച്ചൻ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ആരാധിക്കുന്ന സമൂഹത്തിന്റെ മുന്നിൽ മറശീല തുറക്കുന്നതോടെ ദൈവപുത്രന്റെ മർത്തീകരണ പ്രത്യക്ഷത അനാച്ഛാദനം ചെയ്യപ്പെടുകയാണ്. അപ്പോൾ ദൈവപുത്രൻ മനുഷ്യരിലേക്ക് ഇറങ്ങിവരുന്നു; വിശ്വാസികൾ ദൈവസന്നിധിയിലേക്ക് ആനയിക്കപ്പെടുന്നു. ധൂപകലശത്തിൽ നിന്നും ഉയരുന്ന ധൂപപടലങ്ങൾ അതിവിശുദ്ധ സ്ഥലത്ത് മേഘപാളികളായി നിന്ന് സുഗന്ധധൂപം പരത്തി പരിശുദ്ധ റൂഹായുടെ വ്യാപാരത്തെ കാണിക്കുന്നു. സ്വർഗ്ഗീയ മാലാഖമാരുടെയും വിശുദ്ധരുടെയും വാങ്ങിപ്പോയവരുടെയും എണ്ണമില്ലാത്ത സാന്നിധ്യമായി മറുവഹസകളും കൈമണികളിൽ നിന്നു ഉയരുന്ന മനോഹര ശബ്ദവും മാറുന്നു. അലങ്കരിച്ചൊരുക്കിയിരിക്കുന്ന മദ്ബഹായും വി. ത്രോണോസ്സും പുരോഹിതസ്ഥാനികളുടെ വേഷഭൂഷാധികളുമെല്ലാം ചേരുമ്പോൾ വി. മദ്ബഹാ അഭൗമികവും അത്യുന്നതവും അതിദിവ്യവുമായ സ്വർഗ്ഗീയ അനുഭൂതി വിശ്വാസിക്ക് പകരുന്നു.

"ജനമൊക്കെയും ഇടിമുഴക്കവും മിന്നലും കാഹളധ്വനിയും പർവ്വതം പുകയുന്നതും കണ്ട് വിറച്ചുകൊണ്ട് ദൂരത്തുനിന്നു" (പുറ. 20:18) എന്ന സീനായ് മലയിലെ അത്യുൽകൃഷ്ട സ്വർഗ്ഗീയ അനുഭവം യാഥാർത്ഥ്യമാകുന്നു. അവിടെയാണ് ദൈവം മനുഷ്യനോടൊപ്പം വ്യാപരിക്കുവാനായി മർത്തീകരിക്കപ്പെട്ട് വിളങ്ങുന്നത്! ദൈവപുത്രന്റെ മർത്തീകരണത്തിൽ ഏറ്റവും വലിയസ്ഥാനം വഹിക്കുകയും, ഒമ്പതു മാസം ഗർഭത്തിൽ വഹിച്ച് അവന്റെ മാനുഷിക ശരീരത്തിന് മാംസവും രക്തവും നൽകുകയും, തന്റെ ജനനത്തിൽ മനുഷ്യനായി തീർന്ന ദൈവത്തെ ആദ്യം കാണുകയും അവനെ വണങ്ങി വന്ദിച്ച് അവന് മുലയൂട്ടുകയും ചെയ്ത വി. മറിയാമിന്റെ മാദ്ധ്യസ്ഥം കൂടാതെ ദൈവപുത്രനെ സാക്ഷീകരിക്കുവാൻ ആർക്കും സാധിക്കുകയില്ല. ഒപ്പം ഗർഭസ്ഥലോകത്തു വച്ചുതന്നെ കർത്താവിനെ തിരിച്ചറിയുകയും അവനാൽ പരിശുദ്ധാത്മാവിൽ നിറഞ്ഞ് ഏലീശുബായുടെ ഉദരത്തിൽ തുള്ളിച്ചാടുകയും (ഗർഭസ്ഥലോകത്തു വച്ച് കർത്താവിനാൽ വി. മാമോദീസാ സ്വീകരിക്കുകയും) യോർദ്ദാനിൽ വച്ച് അവനെ പരസ്യമായി സാക്ഷിച്ച് "ഇതാ ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ. 1:29) എന്ന് വിളിച്ചു പറയുകയും ചെയ്ത, സത്യത്തിന്റെ ശബ്ദമായ, 'സ്ത്രീകളിൽ നിന്നും ജനിച്ചവരിൽ യോഹന്നാനേക്കാൾ വലിയവനില്ല' (മത്താ. 11:11) എന്ന് യേശുവിനാൽ സാക്ഷ്യം ലഭിച്ചവനുമായ വി. യോഹന്നാനും ദൈവത്തിന്റെ മനുഷ്യാവതാര വ്യാപാരത്തിന്റെ നിത്യസാക്ഷികളാകുന്നുവെന്നതിനാൽ അവരുടെ മാദ്ധ്യസ്ഥവും അപേക്ഷയും സാക്ഷ്യവും കൂടാതെ ഈ രഹസ്യം ഉൾക്കൊള്ളുവാൻ കഴിയുന്നതല്ല എന്ന തിരിച്ചറിവിൽ നിന്നായിരിക്കണം "നിന്നെ പ്രസവിച്ച മറിയാമും നിന്നെ മാമോദീസാ മുക്കിയ യോഹന്നാനും ഞങ്ങൾക്കുവേണ്ടി നിന്നോട് അപേക്ഷിക്കുന്നു; ഞങ്ങളോട് കരുണ ചെയ്യണമേ" എന്ന് വി. യാക്കോബ് ശ്ലീഹാ വി. കുർബാനയുടെ പ്രാരംഭ അപേക്ഷയായി പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ചൊല്ലിയത്! വി. കന്യകമറിയാമും വി. യോഹന്നാൻ മാംദാനയും ക്രിസ്തുവാകുന്ന രഹസ്യത്തിലേക്കു നമ്മെ നയിക്കുന്ന വഴികാട്ടികളാണ്.

കാർമ്മികൻ ഉച്ചത്തിൽ ചൊല്ലുന്ന പ്രാരംഭ അപേക്ഷയുടെ മറുപടിയായി വിശ്വാസ സമൂഹം "നിൻ മാതാവു വിശുദ്ധന്മാർ..." എന്ന മാർ സേവേറിയോസിന്റെ മാനീസ്സാ ചൊല്ലുകയും അപ്പോൾ പ്രധാന കാർമ്മികൻ ത്രോണോസ്സും അതിനു പുറവും വി. ഏവൻഗേലി മുതൽ വി. മദ്ബഹായും തുടർന്ന് വിശ്വാസസമൂഹത്തേയും പ്രദക്ഷിണമായി ധൂപിപ്പിക്കുകയും സഹകാർമ്മികരും ശുശ്രൂഷകരും ആയതിൽ ഏറെ ബഹുമാനത്തോടെ പങ്കെടുക്കുകയും ചെയ്യുന്നു. "സുറിയാനിക്കാരുടെ കിരീടവും..... മറിയാം സംശയം കൂടാതെ ദൈവമാതാവെന്ന് എല്ലായ്പ്പോഴും പ്രസംഗിച്ചവനുമായ" മാർ സേവേറിയോസ് (+538) അതിമനോഹരവും ഉയർന്ന ക്രിസ്തുവിജ്ഞാനീയം ഉൾക്കൊള്ളുന്നതുമായ ഈ മാനീസാ ഗാനം ചിട്ടപ്പെടുത്തിയത് ഈ പ്രദക്ഷിണഗീതമായി 6-ാം നൂറ്റാണ്ടിൽ നിലവിൽ വന്നുവെന്ന് വിശ്വസിക്കപ്പെടുന്നു. 'പിതാവാംദൈവത്തിന്റെ ഏകപുത്രൻ, വചനം, രാജാവ്, സ്വഭാവപ്രകാരം മരണമില്ലാത്തവൻ, ക്രൂശിക്കപ്പെട്ടവൻ, മരണത്തെ തകർത്തവൻ, പിതാവാംദൈവത്തിനു സമനും പ. റൂഹായോടൊപ്പം വന്ദിക്കപ്പെടുന്നവനും സ്തുതിക്കപ്പെടുന്നവനും' ആയവൻ എന്ന് പരസ്യശുശ്രൂഷയുടെ പ്രാരംഭത്തിലും വി. കുർബാന അർപ്പിക്കാത്ത ദിവസങ്ങളിൽ പ്രഭാതസമയത്തെ നമസ്കാരങ്ങളുടെ പൂർത്തീകരണ സമയത്തും വിശ്വാസികൾ ഒന്നിച്ച് ചൊല്ലുന്നു.

മാർ സേവേറിയോസിന്റെ മാനീസ്സാ ചൊല്ലിക്കൊണ്ട് ത്രോണോസ്സിന് വലംവച്ചുകൊണ്ട് കാർമ്മികൻ ധൂപാർപ്പണം നടത്തി വി. മദ്ബഹായെ ധൂപിപ്പിച്ചശേഷം ത്രോണോസ്സിനു മുന്നിൽ തിരികെയെത്തുന്ന പ്രദക്ഷിണത്തെക്കുറിച്ച് വിവിധ കാലങ്ങളിൽ വിവിധ പിതാക്കന്മാർ വിവിധങ്ങളായ വ്യാഖ്യാനങ്ങൾ നൽകിയിട്ടുണ്ടെന്ന് ബഹു. അച്ചന്റെ പഠനം ചൂണ്ടിക്കാണിക്കുന്നു. എന്നാൽ ഇവയിൽ പലതും യഥാർത്ഥ വ്യാഖ്യാനഗ്രന്ഥങ്ങൾ കാണാതെയും അർത്ഥം ഗ്രഹിക്കാതെയും അവരവരുടെ 'ബുദ്ധിവ്യാപാരം'കൊണ്ട് നൽകിയിരിക്കുന്നവയാണ്; കൂടുതൽ പഠനത്തോടെ ഈ വിഷയങ്ങൾ പിന്നീട് പ്രതിപാദിക്കണമെന്ന് ആഗ്രഹിക്കുന്നു. ഏതായാലും അച്ചൻ ഉദ്ധരിക്കുന്ന വ്യാഖ്യാനങ്ങളിൽ സംഗതമെന്ന് തോന്നുന്ന ചില കാര്യങ്ങൾ ഇവിടെ രേഖപ്പെടുത്തുന്നു.

പ്രദക്ഷിണത്തിൽ പുരോഹിതന്റെ (കാർമ്മികന്റെ) മുന്നിൽ കത്തിച്ച മെഴുകുതിരിയുമായി നീങ്ങുന്ന ശെമ്മാശ്ശൻ പഴയനിയമ പ്രവചനത്തിന്റെ സൂചനയാണ്. വൃത്താകൃതിയിലുള്ള പ്രദക്ഷിണവും ധൂപാർപ്പണവും ആരാധനയുടെ സമഗ്രതയെ കാണിക്കുന്നുവെന്നും യെറിഹോ പട്ടണത്തെ ജോഷ്വായും സംഘവും വലംവച്ചുവെന്നുമൊക്കെ തുടങ്ങി ബഹു. അച്ചൻ ഏറെ എഴുതുന്നുണ്ട്. കൂടാതെ മനുഷ്യജീവിതം തന്നെ തീർത്ഥാടനവും മുന്നോട്ടുള്ള ഗമനവും നഷ്ടപ്പെട്ട പറുദീസാ തിരികെ ലഭിക്കുവാനായി കിഴക്കോട്ടു സഞ്ചരിക്കുന്നു എന്നുമെല്ലാം രേഖപ്പെടുത്തുന്നു. പൗരസ്ത്യ ആരാധനയിൽ പിതാവായ (സ്രഷ്ടാവായ) ദൈവം തന്റെ ഏകജാതനായ പുത്രനിലൂടെ സൃഷ്ടിയായ മനുഷ്യനിലേക്ക് ഇറങ്ങിവരുന്നു എന്ന ആശയം ഈ പ്രദക്ഷിണത്തിൽ വ്യക്തമാക്കപ്പെടുന്നുണ്ട്.

ത്രൈശുദ്ധ കീർത്തനം - Trisagion

പരസ്യശുശ്രൂഷയുടെ ആരംഭത്തിലെ മാർ സേവേറിയോസിന്റെ മാനീസ്സാ ചൊല്ലിക്കൊണ്ടുള്ള പ്രദക്ഷിണം-ധൂപാർപ്പണത്തിനുശേഷം കാർമ്മികൻ ബലിപീഠത്തിനു മുന്നിൽ നിന്നുകൊണ്ട് "ദൈവമേ! നീ പരിശുദ്ധനാകുന്നു" എന്ന് ആരംഭമിടുകയും വിശ്വാസികൾ "ബലവാനേ..... ഞങ്ങളോട് കരുണ ചെയ്യണമെ" എന്നിങ്ങനെ മൂന്നുവട്ടം ഏറെ ശ്രദ്ധയോടെ വിശ്വാസപൂർവ്വം ചൊല്ലുന്ന അപേക്ഷയാണ് ത്രൈശുദ്ധ കീർത്തനം എന്ന് അറിയപ്പെടുന്നത്. കൗമ്മാ പ്രാർത്ഥനയിലും പ്രാരംഭ സ്തുതിപ്പിനുശേഷം ത്രൈശുദ്ധ കീർത്തനം ആരാധനസമൂഹം ഒന്നിച്ച് ചൊല്ലുന്നു.

മാലാഖമാരുടെ ഗണങ്ങൾ സ്രഷ്ടാവായ ദൈവത്തെ "പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ" എന്നിങ്ങനെ എല്ലായ്പ്പോഴും സ്തുതിക്കുന്നുവെന്ന് യെശയ്യാവിനുണ്ടായ ദർശനത്തിൽ (യെശ. 6:3) കാണുന്നു. "തന്റെ മഹത്വംകൊണ്ട് ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവംതമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന പ്രഖ്യാപനം വിവിധ ക്രൈസ്തവ പാരമ്പര്യങ്ങളിൽ വിവിധ വ്യാഖ്യാനങ്ങളോടെ ഉപയോഗിക്കുന്നുണ്ടെങ്കിലും അവയെ try-holy (മൂന്നു തവണ വിശുദ്ധം) എന്ന് വിളിക്കുകയും ആരാധന പാരമ്പര്യത്തിൽ ആയത് എല്ലായ്പ്പോഴും കാണുകയും ചെയ്യുന്നു.

ത്രൈശുദ്ധ കീർത്തനം ആരെ അഭിസംബോധന ചെയ്യുന്നു? എന്ന ചോദ്യത്തിന് വിവിധ സഭാപാരമ്പര്യങ്ങൾ വിവിധ ഉത്തരങ്ങൾ നൽകുന്നുവെന്നും ഈ കീർത്തനത്തെച്ചൊല്ലി അഞ്ചാം നൂറ്റാണ്ടിൽ കൽക്കദോന്യ സുന്നഹദോസിന്റെ (451) പശ്ചാത്തലത്തിൽ ഒരുപാട് തർക്കങ്ങളും മല്ലയുദ്ധങ്ങളും നടന്നുവെന്നും കാണിച്ച് അവയുടെ ചരിത്രം ബഹു. അച്ചൻ വിശദീകരിക്കുന്നുണ്ടെങ്കിലും ഇന്ന് ആയതിന് യാതൊരു സാംഗത്യവും ഇല്ലാത്തതിനാലും, പ്രതിസാക്ഷ്യം നൽകുന്നതിനാലും ആ ഭാഗം പൂർണ്ണമായും നമുക്ക് മറക്കുകയും വിട്ടുകളയുകയും ചെയ്യാം. 'പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യ ഏകദൈവമാണ് പുത്രനിൽ മനുഷ്യാവതാരം ചെയ്തതും നമുക്കുവേണ്ടി ക്രൂശിൽ മരിച്ചതും എന്ന ഉത്തരമാണ് പൗരസ്ത്യ ഓർത്തഡോക്സ് സഭ ഈ ചോദ്യത്തിന് നൽകുന്നത്.

"Trisagion" മൂന്നു തവണ ദൈവം പരിശുദ്ധൻ എന്നു പറയുന്ന പ്രാർത്ഥന, ദൈവം അവന്റെ ഉണ്മ (സത്ത) യിൽ പരിശുദ്ധനാണ്, ബലവാനാണ്, അമർത്യനാണ് എന്നും അവനാണ് നമുക്കുവേണ്ടി ക്രൂശിക്കപ്പെട്ടതെന്നും ബഹു. വി. സി. സാമുവേലച്ചൻ വളരെ വ്യക്തമായി ഈ തലമുറയിൽ നമ്മെ പഠിപ്പിച്ചിട്ടുള്ളതും ഓർക്കാം. വി. ത്രിത്വത്തിൽ ഒരുവനായ പുത്രൻ "നമ്മൾ നിമിത്തവും നമുക്കുവേണ്ടിയും ക്രൂശിക്കപ്പെട്ടു; അവന്റെ ത്യാഗത്തിനു മുന്നിൽ വണങ്ങികൊണ്ട് (കുമ്പിട്ടുകൊണ്ട്) പ. സഭ ഞങ്ങളോട് കരുണ ചെയ്യണമെ! എന്ന് പ്രാർത്ഥിക്കുന്നുവെന്നു മോശെ ബർകീപ്പാ പഠിപ്പിക്കുന്നു.

വിവിധ പാരമ്പര്യങ്ങളിൽ അർത്ഥം അറിഞ്ഞും അറിയാതെയും 'Trisagion' പല രൂപത്തിലും ഭാവത്തിലും വന്നിട്ടുണ്ടെന്നും അവയുടെ ചരിത്രവും ബഹു. അച്ചൻ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനിസഭ അണുവിട അർത്ഥശങ്കക്കിടയില്ലാതെയും "ദൈവമേ! നീ" (Thou അങ്ങ്, അവിടുന്ന്) എന്ന് 'അബ്ബാ, പിതാവേ' എന്ന സ്വാതന്ത്ര്യത്തോടെ വിളിച്ചും 'രക്ഷാകരമായ മനുഷ്യാവതാര വ്യാപാരത്തെ ധ്യാനിക്കുകയും അതിലൂടെയാണ് വീണ്ടെടുപ്പ് എന്ന് സാക്ഷിക്കുകയും ചെയ്തുകൊണ്ട് 'കരുണ ചെയ്യണമെ' എന്ന് പ്രാർത്ഥിക്കുന്നു.

വി. മോറോനായ പെരുന്നാളുകളിൽ സ്ലീബാ ആഘോഷവേളകളിൽ 'ഹൗദുമാലാഖേ....' (മാലാഖമാർ ആരെ സ്തുതിക്കുന്നുവോ, അവനെ നമുക്കും വന്ദിക്കാം) എന്നു പ്രധാന കാർമ്മികന്റെ ആഹ്വാനത്തിന് പ. സഭ ത്രൈശുദ്ധ കീർത്തനത്തിലൂടെ വിശ്വാസപൂർവ്വം പ്രതിവാക്യം ചൊല്ലുമ്പോൾ, ജനനപെരുന്നാളിന് "ഞങ്ങൾക്കുവേണ്ടി ബേത്ലഹേമിൽ ജാതം ചെയ്തവനെ.....", ദനഹായിൽ "....യോർദ്ദാനിൽ വി. മാമോദീസാ മുഴുകിയവനെ....", "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനെ....", "ഞങ്ങൾക്കുവേണ്ടി പുനരുത്ഥാനം ചെയ്തവനെ....." "സ്വർഗ്ഗാരോഹണം ചെയ്തവനെ...." എന്നിങ്ങനെ ചൊല്ലുവാൻ ആണ്ടുതക്സാ പ്രത്യേകം നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഓരോ പെരുന്നാളും കഴിഞ്ഞാൽ അടുത്ത പെരുന്നാൾ വരെ (ഉദാ. യൽദോ മുതൽ ദനഹാ വരെ) എപ്പോഴും ഞങ്ങൾക്കുവേണ്ടി ജാതം ചെയ്തവനെ! എന്ന് സംബോധന ചെയ്യുന്ന പാരമ്പര്യം ചില ദയറാകളിൽ കാണുന്നുണ്ടെങ്കിലും പ. സഭ അപ്രകാരം അതിനെ പ്രോത്സാഹിപ്പിക്കുന്നില്ല എന്ന് മാത്രവുമല്ല, വി. കുർബാനയുടെ ആരംഭത്തിൽ "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനെ!" എന്ന്

മാത്രമേ ചൊല്ലാവൂ എന്ന് നിഷ്കർഷിക്കുന്നുമുണ്ട്.

മോശെ ബർക്കീപ്പാ (+903) സുപ്രസിദ്ധമായ തന്റെ വി. കുർബാനാ വ്യാഖ്യാനത്തിൽ ത്രൈശുദ്ധ കീർത്തനത്തിന്റെ ആവിർഭാവവും അതിന്റെ നിർബന്ധമായ ഉപയോഗവും എങ്ങനെ പ. സഭയിൽ പ്രബലപ്പെട്ടുവെന്നും അതിന്റെ ആവശ്യകത എന്ത് എന്നും വിശദമായി പഠിപ്പിക്കുന്നുണ്ട്. യെശയ്യാവിന്റെ ദർശനമാണ് (യെശ. 6) ഈ പ്രാർത്ഥനയുടെ അടിസ്ഥാന കാരണം. മാലാഖമാർ ഇടവിടാതെ 'പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' (Tris - hagion) എന്ന് അട്ടഹസിച്ച് പറയുന്നു. നമ്മുടെ കർത്താവിന്റെ ക്രൂശുമരണത്തിൽ തിരുശരീരത്തിന് വട്ടമിട്ടു നിന്നുകൊണ്ട് ഈ ഗാനം ആലപിക്കുന്നു. തന്റെ വിശുദ്ധ ശരീരം ഏറ്റുവാങ്ങി സംസ്കരിക്കുവാനായി വിശുദ്ധിയോടെ തൈലം പൂശി നിന്ന അരിമഥ്യാക്കാരൻ യൗസേഫും, നിക്കോദിമോസും പ. കന്യകമറിയാമും മഗ്ദലന മറിയാമും അവരോട് ചേർന്ന് നിന്ന് വി. യോഹന്നാൻ ശ്ലീഹാ ഉൾപ്പെടെയുള്ള സംഘം അപ്പോൾ പരിശുദ്ധാത്മാവിൽ നിറഞ്ഞുകൊണ്ട് "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനെ! ഞങ്ങളോട് കരുണ ചെയ്യണമെ" എന്ന് പ്രതിവാക്യം ചൊല്ലി തിരുശരീരം മുത്തുന്നു. മാലാഖമാർ പരിശുദ്ധൻ, ബലവാൻ, മരണമില്ലാത്തവൻ എന്ന് എപ്പോഴും സ്തുതിക്കുന്നവൻ പാപികളായ നമുക്കു വേണ്ടി മരണം രുചിച്ചുവെന്നതിനാൽ പ. സഭ മാലാഖമാരുടെ സ്തുതിപ്പിനോട് ചേർത്ത് "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനെ! ഞങ്ങളോടു കരുണ ചെയ്യണമെ" എന്ന് തന്റെ കഷ്ടാനുഭവത്തെയും മരണത്തേയും കുമ്പിട്ടു വന്ദിച്ച് തന്റെ ശരീരം മുത്തി സാക്ഷിച്ചു പറയുന്നു. ദുഃഖവെള്ളിയാഴ്ചയിലെ സ്ലീബാ കുമ്പിടീലിന്റെ അതേ ഭാവം തന്നെയായിരിക്കണം ഈ പ്രാർത്ഥന ഓരോ തവണയും ചൊല്ലുമ്പോൾ നമ്മിൽ ഉണ്ടാകേണ്ടത്! തീക്കടുത്തവനായ മാർ ഇഗ്നാത്തിയോസ്സിന്റെ (+107) കാലം മുതൽ തന്നെ അദ്ദേഹത്തിന്റെ പ്രത്യേക നിർബന്ധപ്രകാരം ത്രൈശുദ്ധ കീർത്തനം പ. സഭയുടെ അടിസ്ഥാന ആരാധനയിൽ എപ്പോഴും ഉൾപ്പെടുന്നുവെന്നും മോശെ ബർകീപ്പാ തന്റെ വി. കുർബാന വ്യാഖ്യാനത്തിൽ പ്രത്യേകം രേഖപ്പെടുത്തിയിരിക്കുന്നു. മാർ ദീവന്നാസ്യോസ് ബർസ്ലീബി (+1171) ഈ പാരമ്പര്യം തന്റെ കുർബാന വ്യാഖ്യാനത്തിലും രേഖപ്പെടുത്തുന്നുണ്ട്. പാശ്ചാത്യ ഓർത്തഡോക്സ് (അന്ത്യോഖ്യാ) സഭയിൽ മാർ ഒസ്താത്തിയോസ് പാത്രിയർക്കീസിന്റെ (+337) കാലം മുതലെങ്കിലും, പൗരസ്ത്യ ഓർത്തഡോക്സ് (എഡേസ്സാ) സഭയിൽ ഉറഹായിലെ വി. റാബുള്ളായുടെ (+435) കാലം മുതലെങ്കിലും ത്രൈശുദ്ധ കീർത്തനം ആരാധനയിൽ ഏറെ പ്രാധാന്യത്തോടെ ഉപയോഗിച്ചിരുന്നുവെന്ന് പ്രസിദ്ധ സുറിയാനി ഭാഷാ പണ്ഡിതനായ Prof. Sebastian Brock, Ishaq Saka (പാത്രിയർക്കീസ്), ഫാ. ഡോ. ബേബി വർഗീസ് എന്നിവരെ ഉദ്ധരിച്ചുകൊണ്ട് ബഹു. അച്ചൻ രേഖപ്പെടുത്തുന്നുണ്ട്. ദുഃഖവെള്ളിയാഴ്ചയിലെ കബറടക്ക ശുശ്രൂഷയുടെ സെദറായിലും ഈ ആശയങ്ങൾ പ. സഭ ധ്യാനത്തിന് ഉപയോഗിക്കുന്നുണ്ടല്ലോ. എന്നാൽ ആ സെദറാ രഹസ്യമായി ചൊല്ലുന്നതിനാൽ ഈ ആശയം പ്രസംഗങ്ങളിൽ ഉൾപ്പെടുത്തി വിശ്വാസികളെ പഠിപ്പിക്കുവാൻ പൗരോഹിത്യത്തിന് സാധിക്കണം എന്നും ഓർമ്മിപ്പിക്കുന്നു.

വി. കുർബ്ബാനയിലെ പരസ്യശുശ്രൂഷയുടെ പ്രഥമഭാഗം എന്ന അദ്ധ്യായത്തിന്റെ സമാപനഭാഗത്ത് വി. മദ്ബഹായുടെ തിരശ്ശീല മാറ്റി വി. കുർബ്ബാന പരസ്യമായി ആരംഭിക്കുമ്പോൾ 'കൂടിവന്ന' വിശ്വാസ സമൂഹത്തിനു ലഭിക്കുന്നത് ദൈവരാജ്യത്തിന്റെ ദിവ്യദർശനമാണ് എന്ന് അച്ചൻ വീണ്ടും ഓർമ്മിപ്പിക്കുന്നു. ദൈവത്തിന്റെ മനുഷ്യാവതാര വ്യാപാരത്തിന്റെ നാൾവഴികളിലൂടെ, വി. കുർബ്ബാനാ ധ്യാനത്തിലൂടെ, സഞ്ചരിക്കുവാൻ പ. സഭ വി. ദൈവമാതാവിന്റെയും സ്നാപകനായ വി. യോഹന്നാന്റെയും മദ്ധ്യസ്ഥതയിൽ ഒരുങ്ങി ത്രൈശുദ്ധകീർത്തനത്തോടെ 'മണ്ണിൽ പാദമുറപ്പിച്ച് നിൽക്കുന്നവർ വിണ്ണിലെ വിസ്മയങ്ങളിൽ പങ്കുകൊള്ളുകയും ഭാഗഭാക്കാകുകയും ചെയ്യുന്നു' എന്ന് അച്ചൻ ഓർമ്മിപ്പിക്കുന്നു.

പരസ്യശുശ്രൂഷയ്ക്കായി വി. മദ്ബഹാ തുറക്കുമ്പോൾ കർത്താവിന്റെ ജനനവും വി. മാമോദീസായും നടക്കുന്നുവെന്നും മറ്റുമുള്ള ചില തെറ്റായ ധാരണകൾ വേണ്ടത്ര പഠനം കൂടാതെ വി. കുർബാനാ വ്യാഖ്യാനം നടത്തിയ ചിലരുടെ നോട്ടപിശകായി മലങ്കരയിൽ കടന്നുകൂടിയിട്ടുള്ളത് ബഹു. അച്ചനും ചെറുതായി തെറ്റിദ്ധരിച്ചിരിക്കുന്നുവെന്ന് അധ്യായ സമാപനത്തിൽ നിന്നും തോന്നുന്നു. എന്നാൽ അന്നാഫുറാ ആരംഭിക്കുന്നതു മുതൽ (ദർഗ്ഗായിൽ കയറിയശേഷം) മാത്രമേ ക്രിസ്തു സംഭവത്തിലെ ജനനം മുതൽ സ്വർഗ്ഗാരോഹണവും രണ്ടാമത്തെ വരവും വരെയുള്ള കാര്യങ്ങൾ ക്ലാസ്സിക്കൽ വ്യാഖ്യാനങ്ങളിൽ കടന്നുവരുന്നുള്ളു എന്ന് പ്രത്യേകം സൂചിപ്പിക്കുന്നു. ഈ വിഷയത്തിൽ കൂടുതൽ ആധികാരികമായി പഠിച്ച് പിന്നീട് പരാമർശിച്ചുകൊള്ളാമെന്ന ഉറപ്പോടെ നിർത്തുന്നു.

കേരള ആരോഗ്യ സർവ്വകലാശാല അക്കാദമിക്ക് കൗൺസിൽ മെമ്പർ ആയി ഡോ. ഈപ്പൻ ചെറിയാൻ നിയമിതനായി. ചെങ്ങന്നൂർ ഭദ്രാസനം ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്. നല്ലൂർമല വീട്ടിൽ ഈപ്പൻ ചെറിയാൻ - ലീലാമ്മ ദമ്പതികളുടെ മകനാണ്. ട്രാവൽകൂർ ഡെന്റൽ കോളജ് ഡീൻ, ഓറൽ പാതോളജി വിഭാഗം മേധാവിയും നിലവിൽ ആരോഗ്യ സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് മെമ്പറാണ്. സെറീന സുസൻ സഹധർമ്മിണിയാണ്.





ആർത്താറ്റ് സെയ്ന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിലെ ജനനപ്പെരുന്നാൾ ദിനത്തിൽ തോട്ടുപുറത്ത് തറവാട്ടിലെ കോമരം ടി.ടി. മോഹനന് ഭദ്രാസനാധിപൻ ഗീവർഗീസ് മാർ യൂലിയോസ് പാരിതോഷികം നൽകുന്നു

പുസ്തകം



കൽക്കട്ട ഭദ്രാസനത്തിലുള്ള ബണ്ടാരാ സെന്റ് മേരിസ് ചർച്ച് ഇടവകാംഗവും എംജിഒസിഎസ്എം സജീവ പ്രവർത്തകയുമായ സ്നേഹാ ബാബു എഴുതിയ പുസ്തകം ഒക്ടോബർ 14-ന് പ്രകാശനം ചെയ്യുന്നു.




അനുസ്മരണം

ആ ജീവിതം പ്രചോദനദായകം

കുര്യൻ ഉതുപ്പ് കോറെപ്പിസ്ക്കോപ്പാ കണ്ണൻതുരുത്തിൽ

“യഥാർത്ഥത്തിൽ മരിക്കുന്നതിന് മുമ്പ് ലോകത്തിന് മരിക്കുന്ന ക്രിസ്ത്യാനി ഭാഗ്യവാൻ. മരണത്തിൽ വേർപിരിയേണ്ടവയെ നേരത്തെ തന്നെ വേർപിരിക്കുന്നത് എത്ര ഉത്തമം.”

(ക്രിസ്തനുകരണം, തോമസ് അക്കെമ്പിസ്)



‘മണലുംഭാഗത്ത് അച്ച’നെന്നും പാമ്പാടി ദയറായിൽ ‘കൊച്ചച്ച’നെന്നും കുടുംബാംഗങ്ങൾ ‘സിബി അച്ച’നെന്നും വിളിച്ചിരുന്ന ബഹുമാനപ്പെട്ട ജോർജ് ഫിലിപ്പ് അച്ചനെക്കുറിച്ച് ഈ വാക്കുകൾ എത്ര അന്വർത്ഥം. ഭാരതീയ ഋഷി പാരമ്പര്യത്തിൽ ഈ കാലഘട്ടത്തിൽ നാം നേരിൽ കണ്ട സന്യാസിവര്യനായിരുന്നു ബഹുമാനപ്പെട്ട അച്ചൻ.

2022 ഓഗസ്റ്റ് 31–ന് പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് തിരുമേനിയുടെ ഓർമ്മപെരുന്നാൾ ദിനമാണ് അച്ചനെ അവസാനമായി കണ്ടത്. അന്ന് വി. കുർബാനാനന്തരം അച്ചൻ പറഞ്ഞു, പാമ്പാടിയിലുള്ള ഒരു സ്നേഹിതന്റെ ഭവനത്തിൽ പോകണമെന്ന്. അന്ന് ആ വ്യക്തിയുടെ ജന്മദിനം ആയിരുന്നു. ഞങ്ങൾ ആ ഭവനത്തിൽ ചെന്ന് പ്രാർത്ഥന നടത്തി. ആ വ്യക്തിയുടെ ഈ ലോകത്തിലെ അവസാന ജന്മദിനമായിരുന്നു അത്. ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിൽ കൊണ്ടുചെന്നാക്കി ഒരുമിച്ച് ഉച്ചഭക്ഷണം കഴിച്ചു. പിന്നീട് അച്ചന്റെ രോഗാവസ്ഥയും മരണവുമാണ് അറിയുന്നത്.

കോട്ടയം ഭദ്രാസനത്തിലെ ഏറ്റവും കുറവ് ഇടവകാംഗങ്ങൾ മാത്രമുള്ള കാനം സെന്റ് ജോർജ് പള്ളി ജോർജ് ഫിലിപ്പ് അച്ചന്റെ നേതൃത്വത്തിൽ പൊളിച്ച് പുതിയ ദൈവാലയം നിർമ്മിച്ചു. പുതിയ ദൈവാലയം ഉണ്ടായപ്പോൾ കൂദാശ നിർവഹിക്കുന്നതിനെക്കുറിച്ച് ചോദിച്ചപ്പോൾ, താൽക്കാലികമായ കൂദാശ നടത്തി വി. കുർബാന അവിടെ ചൊല്ലാമെന്നാണ് അച്ചൻ പറഞ്ഞത്. ഒരു പൈസാപോലും ആരോടും ചോദിക്കാതെ, തന്റെ ബന്ധുക്കളായ ചിലർ നൽകിയ പണവും, സ്വന്തം പണവും ഉപയോഗിച്ച് ദൈവാലയം നിർമ്മിച്ചു. ഇന്നും ആ ദൈവാലയം മൂറോൻ കൂദാശ നടത്തി എന്നു തോന്നുന്നില്ല. ആ ദൈവാലയം ഇന്നും ജോർജ് ഫിലിപ്പച്ചന്റെ നിത്യസ്മാരകം തന്നെ. വളരെ ചെറിയ ഇടവകയായ പള്ളിക്കത്തോട് പള്ളിയാണ് അച്ചൻ ശുശ്രൂഷ ചെയ്ത മറ്റൊരു ദൈവാലയം.

സസ്യഭക്ഷണമെന്നും (Vegetarian) പഴവർഗ്ഗ ഭക്ഷണമെന്നും (fruitarian) കേട്ടിട്ടുണ്ടാവണം. അതിനേക്കാൾ ഒരു പടി കൂടി കടന്ന് മൺകലത്തിൽ സ്വയമായി പാകം ചെയ്ത് അല്പാഹാരം കഴിച്ചിരുന്ന അച്ചൻ ഭാരതീയ മഹർഷി പാരമ്പര്യത്തിലെ ഒരു കണ്ണിയായി രൂപാന്തരപ്പെട്ടു. സ്വന്തം സഹോദരന്റെ മകന്റെ വിവാഹം നടക്കുന്ന വേളയിൽ എന്തുകൊണ്ട് അതിൽ പങ്കെടുക്കുന്നില്ല എന്ന് ചോദിച്ചപ്പോൾ പറഞ്ഞത്, വിവാഹം പോലെയുള്ള കൂദാശകളിൽ സന്യാസികൾ സംബന്ധിക്കുന്നത് യോജിച്ചതല്ല എന്നാണ്. എന്നാൽ വേദനയിലും പ്രയാസത്തിലുമിരിക്കുന്ന മനുഷ്യരുടെ അടുക്കലേക്ക് ഓടി എത്തുവാനും അവരെ സാന്ത്വനിപ്പിക്കുവാനും അവർക്കു വേണ്ടി പ്രാർത്ഥിക്കുവാനും സാമ്പത്തിക സഹായം ആവശ്യമുള്ളവർക്ക് ഇരുചെവിയറിയാതെ അത് എത്തിച്ചുകൊടുക്കാനും മടി കാണിച്ചില്ല.



തിരക്കേറിയ റോഡിൽ ഒരു വെച്ചൂർ പശുവിനെ കയറിൽ പിടിച്ചുകൊണ്ട് നടന്നുപോയ ജോർജ് ഫിലിപ്പ് അച്ചന്റെ മുഖം മനസ്സിൽ നിന്നു ഇപ്പോഴും മായുന്നില്ല. മറ്റുള്ളവരുടെ മുമ്പിൽ നാം എപ്പോഴും അഭിമാനികളായി കാണപ്പെടുവാൻ ആഗ്രഹിക്കുന്നു. വിശുദ്ധന്മാർ അങ്ങനെ വിചാരിക്കുന്നില്ല. അവർ ദൈവത്തിൽ മാത്രം ആശ്രയം വെച്ചിരിക്കുന്നു.

ഹോളി ഫൂൾസ് (വിശുദ്ധ വിഡ്ഢികൾ) എന്ന ഒരു വിഭാഗം സഭാപിതാക്കന്മാർ റഷ്യൻ ഓർത്തഡോക്സ് സഭാപാരമ്പര്യത്തിലുണ്ട്. ഊടാടി സഞ്ചരിക്കുന്ന അവർ വിശുദ്ധ ജീവിതം നയിക്കുന്നവരാണെങ്കിലും ലോകപ്രകാരം വിഡ്ഢികളായി കാണപ്പെടുന്നു. പൗരസ്ത്യ സഭയിലെ മരുഭൂമിയിൽ വസിച്ച്

കടുത്ത സന്യാസനിഷ്ഠകൾ അനുഷ്ഠിച്ചിരുന്ന സന്യാസപിതാക്കന്മാരുടെ ജീവിതം ജോർജ് ഫിലിപ്പ് അച്ചനെ ഏറെ സ്വാധീനിച്ചിരുന്നു. അവരെക്കുറിച്ചുള്ള ആഴമേറിയ അറിവും അച്ചനുണ്ടായിരുന്നു. മരുഭൂമിയിലെ പിതാക്കന്മാർ മരിച്ച വ്യക്തികളെ ഉയിർപ്പിച്ച സംഭവങ്ങൾ വി. മക്കാറിയോസ് വിവരിച്ചിട്ടുണ്ട്. ആരുടെയും തെറ്റുകൾ കണ്ടാൽ ആർജ്ജവത്തോടെ മുഖത്തു നോക്കി പറയുവാൻ ജോർജ് ഫിലിപ്പ് അച്ചനു ധൈര്യം ഉണ്ടായിരുന്നു. കാരണം, ആ ജീവിതം കറയില്ലാത്തതായിരുന്നു.

പഠിക്കുവാൻ സമർത്ഥരായ ദരിദ്രകുടുംബങ്ങളിലെ അനേകരെ ഫീസ് നൽകി അച്ചൻ പഠിപ്പിച്ചിരുന്നു. ഇന്ന് അവരിൽ പലരും പല ഉന്നതസ്ഥാനങ്ങളിലും എത്തിയിട്ടുണ്ട്. അത് ആരൊക്കെ എന്ന് ആരും അറിഞ്ഞിട്ടില്ല. ഇടംകൈ ചെയ്യുന്നത് വലംകൈ അറിയരുത് എന്ന വേദപ്രമാണം പാലിച്ചിരുന്നതുകൊണ്ട് അത് ആരും അറിഞ്ഞില്ല. കുടുംബസ്വത്തായി ലഭിച്ച സ്ഥലം, ഒരു കുടുംബത്തിന് ഭവനം നിർമ്മിക്കുവാൻ സൗജന്യമായി എഴുതിക്കൊടുത്തു. ക്രിസ്തനുകരണത്തിലെ വാക്കുകൾ പോലെ മരണത്തിൽ വേർപിരിയേണ്ടവയെ നേരത്തെ തന്നെ വേർപിരിഞ്ഞു.

യോഹന്നാന്റെ സുവിശേഷത്തെക്കുറിച്ച് ഇന്നും മലയാളത്തിലുള്ള ഏറ്റവും ശ്രേഷ്ഠമായ വ്യാഖ്യാനം അച്ചൻ രചിച്ചിട്ടുള്ളതാണ്. മലങ്കരസഭാ മാസികയിൽ തുടർച്ചയായി അത് പ്രസിദ്ധീകരിച്ചിരുന്നു. അത് ഒരു പുസ്തകമായി പ്രസിദ്ധീകരിച്ചിരുന്നെങ്കിൽ വേദശാസ്ത്ര വിദ്യാർത്ഥികൾക്ക് മാത്രമല്ല വേദപഠിതാക്കൾക്ക് എല്ലാം പ്രയോജനപ്പെട്ടേനെ.

‘ത്യാഗം’ എന്നതിന് പല അർത്ഥങ്ങളും നമുക്കറിയാം. യഥാർത്ഥത്തിൽ സകലതും ലഭ്യമായി, സകലതും ഉപേക്ഷിക്കുന്നതാണ് ത്യാഗം. ബഹുമാനപ്പെട്ട ജോർജ് ഫിലിപ്പ് അച്ചൻ ജീവിതത്തിൽ സകലതും ഉപേക്ഷിച്ചു. ഉന്നതമായ കുടുംബത്തിൽ പിറന്നു. അര നൂറ്റാണ്ടു മുമ്പ് മുംബൈയിൽ പോയി നിയമപഠനം നടത്തി. രണ്ട് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രികൾ കരസ്ഥമാക്കി. എന്നിട്ടും വിനീതനായി (Sevant of God) ദൈവസേവകനായി ജീവിതം നയിച്ചു.


അച്ചൻ അനുഷ്ഠിക്കുന്ന വി. കുർബാന സ്വർഗ്ഗം താണിറങ്ങി വെളിപ്പെടുത്തുന്ന അനുഭവം ആയിരുന്നു. അവാച്യമായ ദൈവികാനുഭൂതി അനുഭവപ്പെട്ടിരുന്നുവെന്ന് പലരും സാക്ഷിക്കുന്നു. പൂർണ്ണമായി ദൈവത്തിനായി സമർപ്പിച്ചതായിരുന്നു അച്ചന്റെ ജീവിതം. പ്രാർത്ഥനയുടെ അഗ്നിചിറകുകളിൽ ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിലും, പാമ്പാടി മാർ കുറിയാക്കോസ് ദയറായിലും അച്ചൻ കാണപ്പെട്ടു. സന്യാസജീവിതത്തിന്റെ തീക്ഷ്ണ അനുഭവങ്ങൾ വിശുദ്ധിയുടെ മാർഗ്ഗത്തിലേക്ക് ആനയിച്ചു. ലാളിത്യവും വിനയവും മൗനവും നിലനിർത്തിയ ജീവിതം. മൗനത്തിന്റെ അർത്ഥം വളരെ ഉയർന്നതായിരുന്നു. അടുത്ത് ഇരിക്കുമ്പോൾപോലും വളരെ കുറച്ചു മാത്രമേ അച്ചൻ സംസാരിച്ചുള്ളു. “യഹോവേ, എന്റെ വായ്ക്ക് ഒരു കാവൽക്കാരനെയും അധരങ്ങൾക്ക് ഒരു സൂക്ഷിപ്പുകാരനെയും നിയമിക്കേണമേ” (സങ്കീ. 141:3) എന്ന സങ്കീർത്തനക്കാരന്റെ വാക്കുകൾ അന്വർത്ഥമാക്കത്തക്കവണ്ണം ചുരുക്കം വാക്കുകളിൽ സംസാരിച്ചു. ഉള്ളിലെ ആഴമേറിയ സ്നേഹം ഒരു പുഞ്ചിരിയിലൊതുക്കി.




ഒരു മലയിൽ നിന്നും മറ്റൊരു മലയിലേയ്ക്കുള്ള യാത്രയായിരുന്നു അച്ചന്റെ ജീവിതം. പാമ്പാടി പൊത്തമ്പുറം മാർ കുറിയാക്കോസ് ദയറാ എന്ന താബോർ മലയിൽ നിന്നും ഞാലിയാകുഴി തട്ടുമ്പുറം കുന്നിലെ മാർ ബസേലിയോസ് ദയറായിലേയ്ക്കുള്ള യാത്ര. അത് ഒരു വലിയ ദൈവവിളിയായിത്തീർന്നു. ബസേലിയോസ് ദയറായിൽ അനേകം വൈദികരെ പൗരോഹിത്യ പാതയിലേയ്ക്ക് ഉപനയിക്കുവാൻ അച്ചനു സാധിച്ചു. ഒന്നും ഉപദേശിച്ചു കൊടുത്തല്ല, സ്വന്തം ജീവിതം കാണിച്ചുകൊടുത്തുകൊണ്ടാണ് അച്ചനത് സാധിച്ചത്. അതിൽ പിന്നീട് ശിഷ്യന്മാരും സഹസന്യാസികളുമായ മൂന്നുപേർ മലങ്കരസഭയിലെ മെത്രാപ്പോലീത്താമാരായി.

ഇടുങ്ങിയ ഒരു മുറിയിൽ, പ്രാർത്ഥനയിലുള്ള ആഴമായ താൽപര്യംകൊണ്ട്, കട്ടിൽ ഉപേക്ഷിച്ച് ഒരു പലകപുറത്ത് കിടന്നുറങ്ങി. 2022 സെപ്റ്റംബർ നാല് ഞായറാഴ്ച ഏഴു പതിറ്റാണ്ടത്തെ ഋഷിശോഭയിൽ നിത്യതയിലേയ്ക്ക് യാത്ര ചെയ്തു.

മൗനമുദ്രയിൽ ആവരണം ചെയ്ത ഈ വിശുദ്ധിയുടെ ദേഹം ചാരത്തിൽ പൊതിഞ്ഞ തീക്കനൽ പോലെയായിരുന്നു. സന്യാസിയുടെ സൂര്യതേജസ്സ് ഉലയിൽ കാച്ചിയെടുത്ത തനി തങ്കം പോലെയായിരുന്നു. അധികാരമോഹം ഇല്ലാതെ സന്യാസവ്രതങ്ങളായ ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നിവ ആവാഹിച്ചെടുത്ത ജീവിതം.





കൊടൂരാറിന്റെ തീരത്തു ജനിച്ച്, കൊടൂർ ആറിൽ മുങ്ങിക്കുളിച്ച്, പുതുപ്പള്ളി പള്ളിയിലെ ആത്മികാനുഗ്രഹങ്ങൾ സ്വീകരിച്ച്, പാറേട്ട് തറവാട്ടിൽ നിന്നും (പാറേട്ട് ഈവാനിയോസ് തിരുമേനിയുടെ പുതുപ്പള്ളിയിലെ അരമന) ലഭിച്ച ആത്മിക അനുഭവങ്ങൾ കൈമുതലാക്കി പ്രയാണം ആരംഭിച്ച ആ ജീവിതം എനിക്ക് എപ്പോഴും പ്രചോദകമാണ്. നാട്യങ്ങളില്ലാത്ത ആ ജീവിതം നമുക്ക് പ്രചോദനാത്മകമാണ്.

വിനയാന്വിതമായ ജീവിതം, സ്നേഹമസൃണമായ പെരുമാറ്റം, ത്യാഗോജ്വലമായ സേവന തൽപരത, പ്രാർത്ഥനാനിരതമായ ജീവിതം, പ. സഭയോടുള്ള വിശ്വസ്തത എന്നീ അച്ചന്റെ വിശിഷ്ട ഗുണങ്ങൾ നമുക്ക് മാതൃകയാക്കാം. ഞങ്ങൾക്ക് ഒരു മാർഗ്ഗദീപമായിരുന്നു ജോർജ് ഫിലിപ്പ് അച്ചൻ. ആ പ്രകാശം ഒരിക്കലും അണയരുത്. എനിക്ക് വി. കുർബാനയുടെ രഹസ്യങ്ങൾ പകർന്നു നൽകിയ വന്ദ്യ ഗുരുനാഥന് പ്രണാമം. അങ്ങ് ജീവിച്ചിരുന്നപ്പോൾ പറഞ്ഞ ദിവ്യ വചസുകൾ ഞങ്ങൾക്ക് എന്നും വഴിവിളക്കായി തീരട്ടെ.


◆

പുസ്തകം

വിശുദ്ധിയുടെ ഹൃദയ താളം

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

പ്രശസ്ത വേദശാസ്ത്രജ്ഞനും കൺവൻഷൻ പ്രഭാഷകനും കൗൺസിലറുമായിരുന്ന വന്ദ്യ ഡോ. ഒ. തോമസ് അച്ചന്റെ (1954–2022) നൂറ് മുഖ ലേഖനങ്ങളാണ് *ഹൃദയതാളം*. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാര്യ ദർശിത്വത്തിൽ ഹരിപ്പാട് സെന്റ് തോമസ് മിഷൻ സെന്ററിൽ നിന്നും പ്രസിദ്ധീകരിച്ച *സ്നേഹലോകം* മാസികയുടെ മുഖ്യപത്രാധിപരായി പ്രവർത്തിച്ചപ്പോൾ എഴുതിയ ഹൃദയത്തുടിപ്പുകളാണ് ഇതിന്റെ അകപ്പൊരുൾ. സഭ, സമൂഹം, രാഷ്ട്രം തുടങ്ങിയ വിവിധ രംഗത്തെ ജീർണ്ണതകളും അപജയങ്ങളും വേദപുസ്തക കാഴ്ചപ്പാടിൽ വിശകലനം ചെയ്ത് സത്യത്തിനും നീതിക്കും ധർമ്മത്തിനും പക്ഷം ചേരാനുള്ള ആഹ്വാനമാണ് ഈ രചനകളിൽ പ്രകാശം പരത്തുന്നത്.



നാലു പതിറ്റാണ്ടിലധികമായി കൺവൻഷൻ രംഗത്തും ഇടയബോധന ശുശ്രൂഷയിലും നേതൃത്വം നൽകിയ വന്ദ്യ ഡോ. ഒ. തോമസ് അച്ചൻ, ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പാളും വൈദിക ട്രസ്റ്റിയും യുവജന പ്രസ്ഥാനം ജനറൽ സെക്രട്ടറിയും സൺഡേസ്കൂൾ ഡയറക്ടർ ജനറലും സ്നേഹലോകം, ദൂതൻ മാസികകളുടെ ചീഫ് എഡിറ്ററുമായിരുന്നു. ഈ രംഗത്തെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ വായനയ്ക്കും എഴുത്തിനും അവതരണത്തിനും നിരവധി വേദികളും അവസരങ്ങളും ലഭ്യമായി.

പ്രഭാഷണ വേദികളിലും പത്രാധിപ ലേഖനങ്ങളിലും തനതായ വേദവിചാര ബോധ്യങ്ങൾ അവതരിപ്പിക്കുവാൻ നൈസർഗ്ഗികമായ വരസിദ്ധി ലഭ്യമായിരുന്നതിനാൽ വാക്കും നാക്കും പ്രവാചക ബോധ്യത്തോടെ സംവേദിപ്പിച്ചു. പൗരസ്ത്യവും ഭാരതീയവുമായ വേദ കാഴ്ചപ്പാടുകൾക്ക് അജപാലക ദൗത്യത്തിലും മനുഷ്യബന്ധങ്ങളുടെ ക്രിയാത്മക ഇടപെടലുകളുടെ പശ്ചാത്തലത്തിലും വേദപാഠങ്ങൾക്ക് അർത്ഥവും സൗന്ദര്യവും നൽകി പുനർവായിച്ചു. ഡോ. ഒ. തോമസച്ചൻ നടത്തിയ വേദവായനയുടെ അപനിർമ്മാണം വർദ്ധിച്ചുവരുന്ന ജനപ്രിയ ആദ്ധ്യാത്മികതയ്ക്ക് എതിരെയുള്ള വിമർശന മുഖങ്ങളായിരുന്നു.

ജനഹൃദയങ്ങളിൽ കത്തിജ്വലിച്ചുനിന്ന വിചാര വികാരങ്ങൾ ഡോ. ഒ. തോമസ് അച്ചനിലൂടെ അനുസ്യൂതം പ്രവഹിക്കുന്നത് കണ്ട് സാധാരണ ജനങ്ങൾ ആഹ്ലാദിച്ചു. തങ്ങൾക്ക് പറയുവാനുള്ളത് ദൈവം ഒ. തോമസ് അച്ചനിലൂടെ വെളിപ്പെടുത്തുന്നുവല്ലോ എന്നോർത്ത് സ്തോത്രം ചെയ്തു. സഭയിലും സമൂഹത്തിലും ശക്തിപ്പെട്ട ആഘോഷത്തിന്റെയും ആർഭാടത്തിന്റെയും അതിർത്തികളില്ലാത്ത ആൾക്കൂട്ട സംസ്കാരത്തെ നഖശിഖാന്തം എതിർത്ത ഡോ. ഒ. തോമസച്ചൻ നിരന്തരം ആഹ്വാനം ചെയ്തത് ദൈവ സ്വഭാവത്തിലേക്കുള്ള വിശ്വാസ സമൂഹത്തിന്റെ നീതിബോധത്തിൽ അധിഷ്ഠിതമായ വളർച്ചയാണ്. ഡോ. ഒ. തോമസ് അച്ചന്റെ ഹൃദയതാളം സാമൂഹിക ജീർണ്ണതകൾക്ക് എതിരെയുള്ള വേദാപഗ്രഥനവും സാമൂഹിക വിശകലനവുമാണ്. ഹൃദയ താളം ലക്ഷ്യമിടുന്നത് ഹൃദയ വിശുദ്ധിയാണ്. ദൈവത്തെ കാണുന്നതിനും ദൈവ വിശ്വാസത്തിലേക്ക് വളരുന്നതിനുമുള്ള ആത്മീയ നിഷ്ഠയാണത്. ആധ്യാത്മികവും, ധാർമ്മികവും നിർമ്മലവുമായ അനുഭവ തലങ്ങളിൽ ക്രിസ്തുവിൽ ജീവിക്കുന്നതാണ് വിശുദ്ധിയുടെ ഹൃദയ താളം.

ആത്മീയ ജീർണ്ണതകൾ കണ്ട് വേദനിക്കുന്ന സാധാരണക്കാരുടെ ഹൃദയ താളം ശ്രദ്ധിക്കാൻ ഇവിടെ ആരുമില്ലേ എന്നാണ് ഡോ. ഒ. തോമസ് അച്ചൻ ഉയർത്തുന്ന മുഖ്യ ചോദ്യം. ഓർത്തഡോക്സ് ആത്മീയതയുടെ പരമലക്ഷ്യം ദൈവീകരണമാണ്. ദൈവത്വവും മനുഷ്യത്വവും പൂർണ്ണമായി പങ്കിടുന്ന ദൈവ സ്വഭാവ വളർച്ചയിലേയ്ക്ക് (Theosis) വിശ്വാസികൾ വളരുന്നില്ല. ആരാധനാ അനുഭവത്തിലേക്കും സുവിശേഷ മൂല്യത്തിലേക്കും എന്തുകൊണ്ട് വിശ്വാസികളുടെ ആഭിമുഖ്യം കുറയുന്നു. ക്രിസ്തു അന്വേഷിച്ച *കാണാതെ പോയ ആടുകളെ* എന്തുകൊണ്ട് സഭകൾ അന്വേഷിക്കുന്നില്ല- ഇത്തരം ദാർശനിക ചോദ്യങ്ങൾ പ്രസംഗത്തിലും, എഴുത്തിലും നിരന്തരം ഉന്നയിച്ച ഒ. തോമസ് അച്ചൻ വിശുദ്ധിയും, ലാളിത്യവും, നീതിയും, സാമൂഹിക പ്രതിബദ്ധതയും സഭയിലും സമൂഹത്തിലും ഉണ്ടാകണമെന്ന് സ്വപ്നം കണ്ടിരുന്നു. ആകർഷകമായ തത്വജ്ഞാനവും വേദശാസ്ത്രവും സഭയ്ക്കുണ്ട്. കാണാതെപോയ ആടുകളെക്കുറിച്ചുള്ള കരുതൽ എങ്ങുമില്ല എന്ന് അദ്ദേഹം വിലപിച്ചിരുന്നു.

ആഘോഷങ്ങളുടെ ആധികൃത്താൽ ക്രിസ്തുവിനെ നഷ്ടപ്പെടുന്നതും (ലൂക്കോ. 2:40–52), ആരവാരവം വർദ്ധിച്ചപ്പോൾ പീലാത്തോസ് എഴുന്നേറ്റ് കൈ കഴുകി, ക്രിസ്തുവിനെ ജനത്തിന്റെ ഇഷ്ടപ്രകാരം ക്രൂശിക്കാൻ ഏല്പിച്ചു കൊടുത്തതും പ്രഭാഷണങ്ങളിൽ ആവർത്തിച്ചിരുന്നു. ആഘോഷങ്ങളും പൊതുജനത്തിന്റെ ആരവാരവങ്ങളും വർദ്ധിക്കുന്നിടത്ത് ക്രിസ്തു സാന്നിധ്യം നഷ്ടമാകുമെന്ന് പ്രഭാഷണങ്ങളിലും എഴുത്തുകളിലും അദ്ദേഹം ഓർമ്മിപ്പിക്കുന്നു.

ഹൃദയത്തിന് ഒരു താളം ഉണ്ട്. എവിടെ താളം തെറ്റുന്നുവോ അവിടെ അധഃപതനം സംഭവിക്കുന്നു. പ്രകൃതി, കുടുംബം, സഭ, സമൂഹം, രാഷ്ട്രം എന്നിവയ്ക്ക് എല്ലാം താളവും സൗന്ദര്യവും ഉണ്ട്. താളത്തിന്റെ ക്രമം തെറ്റിയാൽ എല്ലാം തകരും. സമൂഹത്തിന്റെ താളവും ലയവും തെറ്റിക്കുന്ന വ്യവസ്ഥകളും പ്രത്യയ ശാസ്ത്രങ്ങളുമാണ് ഉത്തരാധുനികതയിൽ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നത്.

ക്രിസ്തുവിനെ മറന്നുള്ള പ്രവൃത്തികൾ സഭകളുടെ താളവും ക്രമവും തെറ്റിക്കും. ഹൃദയ താളത്തിൽ ഒരു സ്വര ചേർച്ച ഉണ്ട്. ലയം ഉണ്ട്. അത് നിശബ്ദമായി മാത്രമേ അനുഭവിക്കാൻ കഴിയൂ. അതിന്റെ താളലയ, സൗന്ദര്യം ഓരോ മനുഷ്യനോടും സംവേദിക്കുന്നു. ഇത്തരം ഹൃദയ തുടിപ്പിൽ ആത്മ ബന്ധങ്ങൾ, ഗുരു ശിഷ്യ ബന്ധങ്ങൾ, പിതൃപുത്ര ബന്ധങ്ങൾ എന്നിവ നിരന്തരം സൃഷ്ടിക്കുന്നു. ഹൃദ്യമായ സൗഹൃദങ്ങളും സംഭാഷണങ്ങളും ഉത്ഭവിക്കുന്നത് വിശുദ്ധമായ ഹൃദയ താളത്തിലൂടെയാണ്. വിശാലമായ കാഴ്ചപ്പാടും സ്നേഹ സൗഹൃദങ്ങളും ഇതിന് അനിവാര്യമാണ്. എന്നാൽ ഇന്ന് ലോകത്തെ നയിക്കുന്നത് സാമ്പത്തിക ശാസ്ത്രമാണ്. സഭകൾ സാമ്പത്തിക ശാസ്ത്രത്തേക്കാൾ, ദൈവശാസ്ത്ര സത്യങ്ങൾക്കാണ് പ്രാധാന്യം നൽകേണ്ടത്. നിർഭാഗ്യവശാൽ, സഭകൾ സമ്പത്തിനും, ആർഭാടത്തിനും ലാഭത്തിനും ലക്ഷ്യമിടുന്നു. ഭൗതികതയാണ് സഭകളെ കർമ്മനിരതമാക്കുന്നത്. ആത്മീയതയും ഹൃദയ പരിവർത്തനവും ലക്ഷ്യമാക്കി ദൈവസ്വഭാവത്തിലേക്ക് വളരുവാനുള്ള ഹൃദയതാളം സൃഷ്ടിക്കലാണ് വിശ്വാസ സമൂഹത്തിന്റെ ദൗത്യം.

ഇന്ദ്രീയപരമായ ചടങ്ങുകൾ കൊണ്ട് ദൈവബന്ധം ആഴമാക്കുവാൻ കഴിയുകയില്ല. ആഴമേറിയ പ്രാർത്ഥന, നോമ്പ്, ഉപവാസം, ഹൃദയശുദ്ധീകരണം, പുണ്യവൃത്തികൾ എന്നിവയിൽ കൂടിയാണ് ദിവ്യരഹസ്യങ്ങളിലേക്ക് പ്രവേശിക്കുവാൻ സാധിക്കുന്നത് എന്ന് പൗരസ്ത്യ ആദ്ധ്യാത്മീകത വിശദീകരിച്ച് ഫാ. ഡോ. ഒ. തോമസ് സമർത്ഥിക്കുന്നു. മെഗാ ക്വയറും ഭീമൻ കേക്കും, വമ്പൻ സ്റ്റാറും, ഹൈടെക് പുൽക്കൂടും എല്ലാം ഇന്ദ്രീയ സുഖം പകരുന്ന കാഴ്ചകളാണ്. ഉല്ലാസം പകരുന്ന ആത്മീയത നിയന്ത്രിക്കപ്പെടണം എന്ന് ശക്തമായ ഭാഷയിൽ ഇതിൽ എഴുതുന്നു. ഒട്ടേറെ വിഭവങ്ങളുമായി വെജിറ്റേറിയൻ ഭക്ഷണം നൽകുന്ന സൽക്കാരങ്ങളിൽ നോമ്പിന്റെ ഏതു തത്വമാണ് അടങ്ങുന്നത് എന്നും വെള്ളം ചേർത്ത് അല്പം പാൽ ചായ വേണ്ടെന്നു വച്ചിട്ട് ഹോർലിക്സും ബോൺവിറ്റായും സ്നാക്സുമൊക്കെ കഴിക്കുന്ന നോമ്പുകാർ വർദ്ധിക്കുന്നു എന്നും ആചാരത്തേക്കാൾ ആത്മാവിനു പ്രാധാന്യം നൽകാത്ത നോമ്പ് വ്യർത്ഥമാണെന്നും അദ്ദേഹം പറയുന്നു. അർത്ഥമില്ലാത്ത ആചാരം അനുഷ്ഠാനങ്ങളുടെയും ധൂർത്തിന്റേയും ആഡംഭരത്തിന്റെയും ആധിക്യത്തിലാണ് ലോകത്തിലെ മിക്ക സഭകളും എന്ന് ആരോപിക്കുന്നു.


സെക്കുലർ ലോകത്തെ പ്രബലമായ കോർപ്പറേറ്റ് മേഖലകൾ ചെയ്യുന്നത് അതേപടി അനുകരിക്കലാണ് സഭയുടെ ആധുനിക സാക്ഷ്യം. എന്നാൽ വ്യക്തികളെയും സമൂഹത്തേയും ദൈവസ്വഭാവത്തിലേക്ക് പരിവർത്തനം ചെയ്യിപ്പിക്കുവാൻ ശേഷി നഷ്ടപ്പെടുന്നു. അധികാരവും സമ്പത്തും കേന്ദ്രീകരിച്ചു പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനാൽ ധൂർത്ത്, അഴിമതി, സ്വാർത്ഥത, പിടിച്ചടക്കൽ, ആക്രമണം എന്നിവ സഭകളുടെ പ്രാദേശിക തലങ്ങളിൽ പോലും ശക്തിപ്പെടുന്നു. അതിനായി *ആത്മീയത വേണ്ട ഭൗതികത മതി* എന്ന നിലപാടാണ് വർദ്ധിക്കുന്നത്.

വ്യക്തിയും സമൂഹവും ദൈവ കേന്ദ്രീകൃതമായ ജീവിതശൈലിയിലേക്ക് മടങ്ങിയെങ്കിലേ യഥാർത്ഥ ആത്മീയത വളരുകയുള്ളൂ എന്നതായിരുന്നു ഡോ. ഒ. തോമസ് അച്ചന്റെ പ്രബോധനത്തിന്റെ അന്തസത്ത. സഭ *സഭയാകണമെന്നും ആഘോഷങ്ങളിൽ ദൈവസാന്നിധ്യം ഇല്ല* എന്നും പ്രഖ്യാപിക്കുന്ന ഡോ. ഒ. തോമസ് അച്ചൻ ശക്തിപ്പെടുന്ന ആഘോഷ പ്രത്യയ ശാസ്ത്രങ്ങളെ പൊളിച്ചടുക്കുകയാണ്. ആർഭാടത്തോടും ഉല്ലാസത്തോടും താല്പര്യം വർദ്ധിക്കുന്ന ആഘോഷത്തിന്റെ മതമാണ് (Entertainment Religion) എവിടെയും വളരുന്നത്. അനുഭൂതിയും ആമോദവും സൃഷ്ടിക്കുന്ന *ഇളക്കങ്ങളാണ്* ഇതിന്റെ പ്രത്യേകത. അദ്ദേഹം എഴുതുന്നു: *ചില പെരുന്നാളുകളിൽ കൊടിമരം, പതാക, ഛായാചിത്രം, ദീപശിഖ ഇവ നാലുദിക്കിൽ നിന്നും കൊണ്ടുവന്നിട്ട് എല്ലാം കൂട്ടിച്ചേർത്ത് അതിഗംഭീരമായ ഘോഷയാത്ര. ഇതിൽ പങ്കെടുക്കുവാൻ ജനത്തിന് ഇഷ്ടമാണ് കാരണം, ഉല്ലാസം കിട്ടുന്നു. ഉല്ലാസം പകരുന്ന സഭകളാണ് യഥാർത്ഥ ക്രിസ്തീയ മൂല്യങ്ങളെ തകർക്കുന്നത്.*

ആത്മീയ നവോത്ഥാനത്തിന് വിശുദ്ധ ജീവിതമല്ലാതെ മറ്റു മാർഗ്ഗങ്ങളില്ല എന്നും ദൈവ സ്വഭാവത്തിന്റെ ദിവ്യമായ വിശുദ്ധിയിലുള്ള വളർച്ചയാണ് വിശ്വാസികൾക്ക് ആവശ്യം (ലേവ്യ 19:1, 1 തെസ 4:7) എന്നും പഠിപ്പിക്കുന്ന ഒ. തോമസച്ചൻ *തീർത്ഥാടനങ്ങൾ പോലും ആഘോഷത്തിന്റെ ആത്മീയതയാണ്* സൃഷ്ടിക്കുന്നതെന്നു വെളിപ്പെടുത്തുന്നു. ആഡംഭരത്തിനും ധൂർത്തിനും മനുഷ്യാവതാരം ചെയ്ത ദൈവപുത്രന്റെ ജീവിതത്തിൽ സ്ഥാനം ഇല്ലായിരുന്നു. ഭൗതിക സമൃദ്ധിയും ആത്മീയ ശക്തിയും ഒരുമിച്ചു കൊണ്ടുപോകുക അസാധ്യമാണ്, ദൈവരാജ്യത്തിന് അനുസൃതമായ ജീവിതശൈലിയാണ് ആത്മീയതയുടെ കേന്ദ്ര സ്ഥാനം. ഭൗതിക സമ്പത്തും, പ്രതാപവും, പദവിയും, സ്ഥാനമാനങ്ങളും ദൈവത്തിന്റെ വലിയ ദാനമായി ആഘോഷത്തിന്റെ ആത്മീയതയിൽ ചിത്രീകരിക്കുന്നു.

ആഗോളവൽക്കരണ മൂല്യങ്ങളും വിദേശ കറൻസിയും, കോർപ്പറേറ്റ് പ്രചരണ തന്ത്രങ്ങളും ആത്മീയതയിൽ കടന്നു കയറിയതിനാൽ ദൈവത്തേയും മാമോനേയും ഒരുമിച്ചു സ്നേഹിക്കുന്ന ആത്മീയത വിശ്വാസികൾക്ക് ആകർഷകമായി. സമ്പത്തും ഐശ്വര്യവും വാഗ്ദാനം ചെയ്യുന്ന പുത്തൻ ആത്മീയതയിലേക്ക് പരമ്പരാഗത സഭകളിൽ നിന്നും വിശ്വാസികൾ കുടിയേറി എന്നത് യാഥാർത്ഥ്യമാണ്.

ആഗോളവൽക്കരണ മൂല്യങ്ങളും ബഹുരാഷ്ട്ര കമ്പനികളുടെ സ്വാധീനവും പെരുന്നാൾ ആഘോഷങ്ങളെ സ്വാധീനിക്കുന്നതായി ഒ. തോമസച്ചൻ നിരീക്ഷിക്കുന്നു. പെരുന്നാൾ പ്രചാരണങ്ങൾക്ക് ബഹുരാഷ്ട്ര കുത്തകകളുടെ സമാന തന്ത്രങ്ങൾ വലിയ പള്ളികളിൽ ആവിഷ്ക്കരിക്കുമ്പോൾ ഗ്രാമീണ പള്ളികൾക്ക് അതിനുള്ള ശേഷി ഇല്ലാതെ വരുന്നു. പെരുന്നാളുകളിൽ സൃഷ്ടിക്കുന്ന വലിയ ആൾക്കൂട്ട സംസ്കാരത്തെയും അദ്ദേഹം വിമർശിച്ചിട്ടുണ്ട്. ആരാധനയ്ക്കും വചന കേൾവിക്കുമായി ഒരുമിക്കുന്ന സമൂഹം ഇന്ന് സംഘാടക പബ്ലിസിറ്റി വഴി ആൾക്കൂട്ടങ്ങളുടെ അരങ്ങേറ്റം സൃഷ്ടിക്കുകയാണ്. സംഘടിതമായ ഈ ആൾക്കൂട്ടത്തിന് ക്രിയാത്മകമായി എന്തെങ്കിലും ചെയ്യുവാൻ കഴിയുമോ എന്നും അദ്ദേഹം ചോദിക്കുന്നു. എന്നാൽ ലോകത്തെ കീഴ്മേൽ മറിച്ചത്, യേശുവിനോടൊപ്പം ഉണ്ടായിരുന്ന ചെറിയ സമൂഹമായിരുന്നു. *ആൾക്കൂട്ടം ആത്മീയതയുടെ അടയാളമല്ല* എന്ന് യുക്തിപൂർവ്വം അദ്ദേഹം സ്ഥാപിക്കുന്നു.



കൗൺസിലിങ്ങിലും അജപാലക പ്രബോധനത്തിലും ദീർഘകാല അനുഭവ പരിചയമുള്ള ഫാ. ഡോ. ഒ. തോമസ് സഭാ പൈതൃകത്തെക്കുറിച്ച് ഹ്രസ്വമായ വാക്കുകളിൽ അവതരിപ്പിക്കുന്നത് ശ്രദ്ധേയമാണ്: 'സഭയെ കാണുന്നത് ഒരു കുടുംബം പോലെയാണ്. അവിടെ മനുഷ്യർ ദൈവ സ്നേഹവും മനുഷ്യ സ്നേഹവും ഉള്ളവനാകും. ആവുംവിധം തിന്മയിൽ നിന്ന് ഒഴിഞ്ഞ്, നന്മയിൽ വളരും. നിയമത്തിനതീതമായ സ്നേഹവും കൂട്ടായ്മയും വളർത്തും. വേദനയും കഷ്ടതയും അനുഭവിക്കുന്നവർക്ക് അനുകൂലമായി നിയമങ്ങളെ വ്യാഖ്യാനിക്കും. ഈ വിധത്തിൽ ഏറ്റവും ചെറിയവർ സ്വാതന്ത്ര്യത്തിന്റെ സന്തോഷം അനുഭവിക്കുന്ന അവസ്ഥയിൽ സഭാ ജീവിതത്തെ രൂപാന്തരപ്പെടുത്തണം.'

ആഗോളവൽക്കരണം പിന്തുണയ്ക്കുന്ന ജീവിതശൈലിയോടാണ് ഇന്ന് ഏവർക്കും താല്പര്യം. എവിടെയും ഒരു എന്റർടെയിൻമെന്റ് സംസ്കാരത്തിനാണ് പ്രാമുഖ്യം. വിനോദപരവും ഇന്ദ്രിയനുഭൂതിപരവും അനഭൂതി പകരുന്ന കാഴ്ചകൾക്കാണ് പെരുന്നാളുകൾ പ്രാധാന്യം നൽകുന്നത്. ആത്മീയതയിലൂന്നിയ സാംസ്കാരിക അധിനിവേശത്തിലാണ് സഭകൾ എന്നു പറയുവാൻ ഒ. തോമസച്ചന് കരുത്തുണ്ടായിരുന്നു. ഇത്തരം അധിനിവേശ മൂല്യച്യുതിയെ അദ്ദേഹം അവസാന ശ്വാസം വരെയും എതിർത്തിരുന്നു.

സഭാശുശ്രൂഷകൾ നീതിബോധത്തിലും ദൈവസ്വഭാവ വളർച്ചയിലും പുനഃസൃഷ്ടിക്കുന്നതിന് വിശ്വാസികളെ പ്രബോധിപ്പിക്കുന്ന മഹത്തായ രചനയാണ് വന്ദ്യഗുരു ഡോ. ഒ. തോമസ് അച്ചന്റെ വേദവിശകലനവും സാമൂഹിക അപഗ്രഥനവും നിർവ്വഹിക്കുന്ന *ഹൃദയതാളം*. ആദരവോടെ വായനാസമക്ഷം സമർപ്പിക്കുന്നു.

ഹൃദയ താളം

ഫാ. ഡോ. ഒ. തോമസ്

അവതാരിക: ഫാ. ഡോ. ജേക്കബ് കുര്യൻ

ആസ്വാദനം: ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

പ്രസാധകർ: മഷിക്കൂട്ട് ഇംപ്രിന്റ്, കോട്ടയം

പേജ്: 272

വില: 410.00

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ഇവൻ മറിയയുടെ മകനും, യാക്കോബ്, യോസെ, യൂദാ, ശീമോൻ എന്നിവരുടെ സഹോദരനുമായ തച്ചനല്ലയോ?

വാങ്ങിപ്പിനുശേഷം നാലാം ഞായറാഴ്ച. വി. മർക്കോസ് 6: 1–6



ഫിലിപ്പോസ് റമ്പാൻ
(ജ്യോതിസ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ)

യേശുതമ്പുരാന്റെ പരസ്യശുശ്രൂഷയുടെ ആരംഭ കാലഘട്ടത്തിൽ തന്റെ പിതൃനഗരം ആയ നസ്രേത്തിലേക്കു വരുമ്പോൾ അവന്റെ കുടുംബക്കാരുടെയും നാട്ടുകാരുടെയും പ്രതികരണമാണ് ഈ വേദഭാഗത്തു നാം വായിക്കുന്നത്. യേശുതമ്പുരാൻ തന്റെ ശിഷ്യന്മാരുമായി പിതൃനഗരത്തിൽ വന്ന് ശാബത് ദിവസം പള്ളിയിൽ പോകുന്നു. പതിവുപോലെ പള്ളിയിൽ വച്ച് ന്യായപ്രമാണം വായിച്ച് അതിനെക്കുറിച്ച് പ്രസംഗിക്കുന്നു. യേശുതമ്പുരാന്റെ പ്രസംഗം കേട്ട യഹൂദന്മാരും മറ്റു തന്റെ സ്വന്തകുടുംബക്കാരും പ്രതികരിക്കുന്നത് ഇപ്രകാരമാണ്. “ഇവനു ഇവ എവിടെനിന്നു കിട്ടി? ഇവനു കിട്ടിയ ഈ ജ്ഞാനവും ഇവന്റെ കയ്യാൽ നടക്കുന്ന വീര്യപ്രവൃത്തികളും എന്ത്? ഇവൻ യാക്കോബ്, യോസെ, യൂദാ, ശീമോൻ എന്നിവരുടെ സഹോദരനായ തച്ചനല്ലയോ? ഇവന്റെ സഹോദരികളും ഇവിടെ നമ്മോടു കൂടെ ഇല്ലയോ എന്നു പറഞ്ഞ് അവൻ പറഞ്ഞ കാര്യങ്ങൾ കേൾക്കുവാൻ ശ്രമിക്കാതെ പരസ്പരം ഇടറിപ്പോകുന്നു.

ഈ പ്രതികരണം കാണുമ്പോൾ യേശുതമ്പുരാൻ ശിഷ്യന്മാരോടു പറയുന്നു ഒരു പ്രവാചകൻ തന്റെ പിതൃനഗരത്തിലും, ചാർച്ചക്കാരുടെ ഇടയിലും സ്വന്തഭവനത്തിലും അല്ലാതെ ബഹുമാനമല്ലാത്തവൻ അല്ല എന്നു പറയുന്നു. ഈ പിതൃനഗരത്തിൽ യേശുക്രിസ്തുവിനു കൂടുതൽ ഒന്നും പ്രവർത്തിക്കുവാൻ സാധിക്കുന്നില്ല. കാരണം ആരും യേശുവിനെ വിശ്വസിക്കുകയോ അംഗീകരിക്കുകയോ, സ്വീകരിക്കുകയോ ചെയ്യുന്നില്ല. അവിടെ ഏതാനും ചില രോഗികളുടെമേൽ കൈവച്ചു സൗഖ്യം വരുത്തിയതല്ലാതെ അവിടെ വീര്യപ്രവൃത്തി ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. അവിടെ ജനങ്ങളുടെ അവിശ്വാസത്തിൽ അവൻ അത്ഭുതപ്പെടുന്നു. ഇവിടെ യേശുതമ്പുരാൻ പറയുന്ന കാര്യങ്ങൾ ഒന്നും കേൾക്കുവാനോ അവനെ ഒന്നു ശ്രദ്ധിക്കാനോ അവർ ശ്രമിക്കാതെ ചില മുൻവിധിയോടെ അവനെ സമീപിക്കുന്ന പിതൃഭവനക്കാരും നാട്ടുകാരും ആണ് ഇവിടെ നമുക്ക് കാണാൻ കഴിയുന്നത്.

മറ്റുള്ളവരെ അംഗീകരിക്കാൻ സാധിക്കാത്ത യഹൂദ മതനേതാക്കൾ

വസ്ത്ര സ്പർശനം രോഗശാന്തിക്കു പര്യാപ്തമാണെന്നു മാത്രമല്ല തനിക്കു മരിച്ചവരെ ഉയിർപ്പിക്കുവാൻ പോലും ശക്തിയുണ്ടെന്നു തെളിയിച്ചതിനു ശേഷമാണ് താൻ നസ്രേത്തിലേക്ക് വരുന്നത്. എന്നിട്ടും അവരുടെ ഇടയിലുള്ള ഒരുവൻ അവരെക്കാൾ മികച്ചതാണെന്ന് വരുന്നത് അവർക്ക് അംഗീകരിക്കാൻ കഴിഞ്ഞില്ല. ഒരു വലിയ കുടുംബത്തിൽ മനുഷ്യഷ്ട്യാ ഒരു ശ്രേഷ്ഠമായിരുന്ന ജനനത്തോടുകൂടി താൻ ഈ ലോകത്തിലേക്ക് എഴുന്നള്ളിയിരുന്നു എങ്കിൽ അവർ സസന്തോഷം അവനെ സ്വീകരിക്കുമായിരുന്നു. ഇവിടെ ഈ തച്ചന്റെ മകന്റെ ജനനം എവിടെയാ നടന്നത്? ഇവൻ എവിടെയാ വളർന്നത്? അവരുടെ നഗരത്തിൽ താമസിച്ച് ആശാരിവേല ചെയ്ത് ഉപജീവനം കഴിച്ചുപോന്ന ഒരു ആശാരിപയ്യൻ പ്രവാചകനായിതീരുക എന്നത് അവർക്ക് ചിന്തിക്കുവാൻ പോലും സാധിച്ചില്ല. ഇത് സർവ്വസാധാരണമായ ഒരു ബലഹീനതയാണ്.

“മറ്റുള്ളവരെ തന്നേക്കാൾ ശ്രേഷ്ഠരെന്ന് എണ്ണിക്കൊൾവിൻ.” മറ്റുള്ളവരിലെ നന്മയെ കാണുവാനും മറ്റുള്ളവരിലെ ശ്രേഷ്ഠതയെ കാണുവാനും നമുക്ക് സാധിക്കണം. അത് വിനയമുള്ളവർക്ക് മാത്രമേ സാധിക്കുകയുള്ളു. നാം മറ്റുള്ളവരുടെ മുമ്പിൽ വിനയപ്പെടുമ്പോൾ യഥാർത്ഥത്തിൽ നാം വലിയവരായി തീരുകയാണ് ചെയ്യുന്നത്. ‘നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം. തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും. തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും.” (വി. മത്തായി 23:11–12). വിനയമെന്നത് ദൈവസ്വഭാവത്തിലെ ഒരു പ്രധാന ലക്ഷണമാണെന്നുള്ളത് മനസ്സിലാക്കുവാനുള്ള പ്രാപ്തിക്കുറവുമൂലമാണ് യഹൂദന്മാർ യേശുവിനെ അംഗീകരിക്കാതെ പോയത്. സ്ഥാനമാനങ്ങൾക്കായി നിത്യം പോരാടുകയും അധികാരഭ്രമത്താൽ നിത്യം നിയന്ത്രിക്കപ്പെടുകയും ചെയ്യുന്ന മനുഷ്യന് ദൈവം വിനയമുള്ളവരിൽ വസിക്കുകയും വിനീത കാര്യങ്ങളിൽ സൂക്ഷിക്കുകയും, ബലഹീനതയിൽ തന്റെ ശക്തിയെ പ്രദർശിപ്പിക്കുകയും തന്റെ ശുശ്രൂഷക്കായി മനുഷ്യദൃഷ്ടിയിൽ നികൃഷ്ടങ്ങളായവയെ തിരഞ്ഞെടുക്കുകയും ചെയ്യുന്ന ഒരുവനാണെന്നു ഗ്രഹിപ്പാൻ പ്രയാസമാണ്. ഇതുമൂലമാണ് നസ്രേത്തുകാർക്ക് യേശുവിനെ അംഗീകരിക്കുവാൻ സാധിക്കാതെ പോയത്. ആയതിനാൽ മറ്റുള്ളവർ നമ്മെക്കാൾ ശ്രേഷ്ഠരാണെന്ന് അംഗീകരിച്ച് എല്ലാവരെയും ബഹുമാനിക്കുവാനും ആദരിക്കുവാനും നമുക്ക് സാധിക്കണം.

നമ്മുടെ അവിശ്വാസം ദൈവകൃപയിൽ നിന്ന് നമ്മെ അകറ്റുന്നു.

യേശുതമ്പുരാൻ തന്റെ പിതൃനഗരത്തിൽ എത്തിയപ്പോൾ അവിടെയുള്ള തന്റെ സ്വന്തക്കാരുപോലും അവനെ അംഗീകരിക്കാതെ അവനിൽ അവിശ്വസിക്കുന്നു. തന്റെ പിതൃനഗരത്തിൽ ഏതാനും ചില രോഗികളുടെ മേൽ കൈവച്ചു സൗഖ്യം വരുത്തിയതല്ലാതെ അവിടെ വീര്യപ്രവൃത്തി ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. അവരുടെ അവിശ്വാസം കണ്ട് അവൻ ആശ്ചര്യപ്പെടുന്നു. പിതാവിനാൽ ആകർഷിക്കപ്പെടുന്നവർക്ക് മാത്രമേ ക്രിസ്തുവിന്റെ അടുക്കലേക്ക് ചെന്ന് സർവ്വവും തന്നിൽ സമർപ്പിച്ച് തന്മൂലം ക്രിസ്തുവിനെ വഹിക്കുന്ന പുതിയ സൃഷ്ടികളായി രൂപാന്തരപ്പെടുവാൻ സാധിക്കുകയുള്ളു. സ്വന്തബുദ്ധിശക്തിയിലും പ്രാപ്തിയിലും ആശ്രയിക്കുന്നവർക്ക് ഇത് പ്രാപ്യമല്ല. ദൈവത്തിന്റെ പ്രവർത്തന രീതികൾ മനുഷ്യബുദ്ധിക്ക് അഗോചരങ്ങളാളെന്നും ദൈവം വെളിപ്പെടുത്തുന്നവയേ ഉപരിഗവേഷണങ്ങൾ കൂടാതെ അതേപടി സ്വീകരിക്കുകയാണ് മനുഷ്യധർമ്മമെന്നുള്ള ബോധമാണ് രക്ഷയ്ക്ക് അനിവാര്യമായിരിക്കുന്നത്. അങ്ങനെ അവനിൽ അവിശ്വസിക്കാതെ പൂർണ്ണമായി വിശ്വസിക്കുവാൻ നമുക്ക് കഴിയണം.

പഴയനിയമത്തിൽ രാജാക്കന്മാരുടെ പുസ്തകത്തിൽ നയമാന്റെ രോഗസൗഖ്യത്തെക്കുറിച്ചു നാം വായിക്കുന്നുണ്ട്. അവന്റെ കുഷ്ഠരോഗത്തിൽ നിന്നുള്ള ഏക നിവാരണമാർഗ്ഗം യോർദ്ദാനിലെ വെള്ളത്തിൽ ഏഴുപ്രാവശ്യം മുങ്ങുകയെന്നുള്ള വിവരം ഏലീശാ നയമാനെ അറിയിച്ചപ്പോൾ അവൻ നിരാശഭരിതനായി ഇടറുകയാണ് ചെയ്തത്. സ്വന്തം നാട്ടിലുള്ള ശുദ്ധജല നദികളിൽ മുങ്ങിയാൽ പോരെ എന്നു മാനുഷികമായി ചിന്തിച്ചു എങ്കിലും പ്രവാചക വചനത്തെ ദൈവവചനമായി ഉൾക്കൊണ്ട് അതിനെ അനുസരിച്ചപ്പോൾ മാത്രമാണ് തന്റെ രോഗത്തിന് പൂർണ്ണ സൗഖ്യം ലഭിക്കുന്നത്. അനുസരണം ബലിയെക്കാളും, ചെവിക്കൊള്ളുന്നത് മുട്ടാടുകളുടെ മേദസ്സിനെക്കാളളും നല്ലതാകുന്നു. ഇതിനു വിപരീതമായി നാം പ്രവർത്തിക്കുന്ന പക്ഷം, നാം ദൈവത്തെക്കാൾ വലിയവരാണെന്നു ഭാവിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

കൃപാവരങ്ങളാകുന്ന കൂദാശകളോടുള്ള അനാദരവിനു പ്രധാന കാരണവും അവിശ്വാസമാണ്. വെള്ളത്തിൽ മുങ്ങുന്നതുമൂലം വീണ്ടും ജനനം പ്രാപിക്കുമെന്നും വി. മൂറോൻ പുരട്ടുന്നതുകൊണ്ട് പരിശുദ്ധാത്മാവിന്റെ ദാനം ലഭിക്കുമെന്നും അപ്പത്തിലും വീഞ്ഞിലുമുള്ള കൂട്ടായ്മ മൂലം ക്രിസ്തുവിനെ ഉൾക്കൊള്ളുന്നു എന്നും ഒരു പട്ടക്കാരനോട് ഏറ്റുപറയുന്നതുമൂലം പാപങ്ങൾ ക്ഷമിക്കപ്പെടുന്നു എന്നും മറ്റും വിശ്വസിപ്പാൻ പലരും വൈമനസ്യം പ്രകടിപ്പിക്കുന്നുണ്ട്. ആന്തരീകമായി ഒരുക്കം കൂടാതെ ഈ കൂദാശകളെ സമീപിച്ചാൽ അവ അർത്ഥശൂന്യമാണെന്നും എന്നാൽ പൂർണ്ണ വിശ്വാസത്തോടെ അവയെ സ്വീകരിക്കുന്നവർക്ക് രക്ഷക്കുള്ള ദൈവശക്തിയാണെന്നു നാം മനസ്സിലാക്കണം. ആയതിനാൽ കൃപാമാർഗ്ഗങ്ങൾ എന്നു ദൈവം കല്പിച്ചിരിക്കുന്നവയെ,

അവ എത്ര നിസ്സാരമാണെന്നു തോന്നിയാലും പൂർണ്ണ അനുസരണത്തോടെ അവയെ അനുഷ്ഠിക്കുവാൻ നാം കടപ്പെട്ടവരാണ്.

ലോകരക്ഷക്കായി എഴുന്നള്ളിയ ദൈവപുത്രനെ സ്വന്തഭവനക്കാർ ഉൾപ്പെടെ ഇവൻ തച്ചനല്ലെ എന്നു വിളിച്ചു അവനെ അംഗീകരിക്കാതെയും, അവനിൽ വിശ്വസിക്കാതെയും ഇരുന്നതുമൂലം ദൈവകൃപ പ്രാപിക്കുന്നതിൽ നിന്നു പുറം തള്ളപ്പെട്ടതുപോലെ, ദൈവം നമുക്ക് പ്രദാനം ചെയ്തിരിക്കുന്ന കൃപാമാർഗ്ഗങ്ങെ നിസ്സാരങ്ങളെന്നു കരുതി ഉപേക്ഷിക്കുന്ന പക്ഷം നാമും ദൈവകൃപയിൽ നിന്നു പുറംതള്ളപ്പെട്ടവരായിത്തീരാം. ആയതിനാൽ ക്രിസ്തുവിൽ പൂർണ്ണ വിശ്വാസം അർപ്പിച്ച് അവന്റെ വചനങ്ങളിൽ പൂർണ്ണ അനുസരണമുള്ളവരായി കൃപാവരങ്ങളെ പ്രാപിക്കുവാൻ നമുക്ക് സാധിക്കട്ടെ.

ചാണ്ടി ഉമ്മന് അഭിനന്ദനവുമായി പരിശുദ്ധ കാതോലിക്കാ ബാവാ

ദേവലോകം: കേരള നിയമസഭയിലേക്ക് പുതുപ്പള്ളി നിയോജക മണ്ഡലത്തിൽ നിന്ന് വൻ ഭൂരിപക്ഷത്തോടുകൂടി വിജയിച്ച ഓർത്തഡോക്സ് സഭാ അംഗവും പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകാംഗവുമായ ചാണ്ടി ഉമ്മനെ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നേരിട്ട് വിളിച്ച് അഭിനന്ദനങ്ങൾ അറിയിച്ചു.

റഷ്യയിൽ നിന്ന് റോമിലേക്കുള്ള യാത്രാമദ്ധ്യേ ദുബായിൽ നിന്നാണ് പരിശുദ്ധ ബാവാ ചാണ്ടി ഉമ്മനെ വിളിച്ചത്. ജന നായകനായി കേരളത്തിൽ പ്രശോഭിച്ച ഉമ്മൻ ചാണ്ടിയുടെ പാത പിന്തുടരുവാനും, നിയമസഭാ സാമാജികൻ എന്ന നിലയിൽ ഉത്തരവാദിത്വങ്ങൾ അനുഗ്രഹകരമായി നിറവേറ്റുവാനും സാധിക്കട്ടെ എന്ന് പ. ബാവാ ആശംസിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെയും പരിശുദ്ധ കാതോലിക്കാ ബാവായുടെയും അഭിനന്ദനങ്ങളാണ് അറിയിച്ചത്. നാട്ടിൽ വന്നതിനുശേഷം നേരിട്ട് കാണാം എന്നും പ. ബാവാ അറിയിച്ചു.


ചാണ്ടി ഉമ്മന് അഭിനന്ദനങ്ങൾ

ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ്



പാമ്പാടി: പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പിൽ മികച്ച വിജയം കാഴ്ചവച്ച മലങ്കര ഓർത്തഡോക്സ് സഭാംഗവും, പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവക അംഗവുമായ അഡ്വ. ചാണ്ടി ഉമ്മന് കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത ഡോ യൂഹാനോൻ മാർ ദീയസ്കോറോസ് അഭിനന്ദനങ്ങൾ അറിയിച്ചു.

മുൻഗാമിയായ ഉമ്മൻചാണ്ടി സമൂഹത്തിന് ചെയ്ത വികസന പ്രവർത്തനങ്ങളും കരുതലും പിൻഗാമിയും നിയുക്ത എംഎൽഎയുമായ അഡ്വ. ചാണ്ടി ഉമ്മന് പിന്തുടരുവാൻ കഴിയട്ടെയെന്ന് അഭിവന്ദ്യ തിരുമേനി ആശംസിച്ചു.

തെരഞ്ഞെടുപ്പിൽ മത്സരിച്ചവരെയും പ്രത്യേകം അഭിനന്ദിക്കുന്നു. മത്സരത്തിലെ വിജയവും പരാജയവും ജനാധിപത്യത്തിന്റെ മുഖമുദ്രകൾ ആണല്ലോ. സാമൂഹ്യ സേവനവും രാഷ്ട്ര സ്നേഹവും നിലനിർത്താൻ ഏവർക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു.



മലങ്കരസഭ മിഷനറി ജ്യോതിസ് ഫിലിപ്പ് റമ്പാച്ചന്റെ മൂന്നാം ചരമവാർഷിക ദിനത്തിൽ പുതുപ്പാടി സെന്റ് പോൾസ് ആശ്രമത്തിൽ ഡോ. ഗീവർഗ്ഗീസ് മാർ ബർന്നബാസ് വി. കുർബ്ബാനയർപ്പിക്കുകയും കബറിടത്തിൽ ധൂപ പ്രാർത്ഥന നടത്തുകയും ചെയ്തു. ഗീവർഗീസ് മാർ കൂറിലോസ്, റമ്പാച്ചൻമാർ, വൈദികർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.


മൂന്നാം തലമുറ നിയമസഭയിൽ

വർഗീസ് ജോൺ തോട്ടപ്പുഴ

പിതാമഹൻ മുൻ എംഎൽസി വി. ജെ. ഉമ്മന്റെ പാത പിന്തുടർന്നാണ് ഉമ്മൻ ചാണ്ടി രാഷ്ട്രീയത്തിലെത്തിയത്. അതേ പാതയിൽ ഇപ്പോൾ ചാണ്ടി ഉമ്മനും.

മാന്നാർ വള്ളക്കാലിൽ വി. ജെ. ഉമ്മൻ ശ്രീമൂലം പ്രജാസഭ (പോപ്പുലർ അസംബ്ലി) യിൽ രണ്ടു തവണയും (1926, 1927) തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിൽ ഒരു തവണയും (1928, 1931) അംഗമായിരുന്നു. അന്ന് വോട്ടവകാശത്തിനും അംഗത്വത്തിനുമുള്ള അർഹത നിശ്ചിത യോഗ്യതയുള്ളവർക്കു മാത്രമായിരുന്നു.

ആലപ്പുഴ കച്ചവടസംഘത്തിന്റെ പ്രതിനിധിയായി ശ്രീമൂലം പ്രജാസഭയുടെ 22, 23 സമ്മേളനങ്ങളിലാണ് (1926 ഫെബ്രുവരി 22 മാർച്ച് 4, 1927 ഫെബ്രുവരി 21 മാർച്ച് 7) വി. ജെ. ഉമ്മൻ അംഗമായിരുന്നത്.

1928 മേയ് 26, 28 തീയതികളിൽ നടന്ന തിരഞ്ഞെടുപ്പിൽ 'വാണിജ്യ - വ്യവസായം വടക്ക്' എന്ന നിയോജകമണ്ഡലത്തിൽനിന്നാണ് വി. ജെ. ഉമ്മൻ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. 'കച്ചവടവും കൈത്തൊഴിലും' എന്നു കൂടി അറിയപ്പെട്ടിരുന്ന ഈ നിയോജകമണ്ഡലത്തിൽ കൊല്ലം ഡിവിഷന്റെ വടക്കൻ ഭാഗവും കോട്ടയം, ദേവികുളം ഡിവിഷനുകളും (ആകെ 18 താലൂക്കുകൾ) ഉൾപ്പെട്ടിരുന്നു.


വി. ജെ. ഉമ്മൻ 1888-ൽ ജനിച്ചു. കേരളത്തിലെ നിയമനിർമാണസഭകളുടെ ശതാബ്ദി സ്മരണിക (1990) അനുസരിച്ച് സെറികൾചറിസ്റ്റ് ഡിപ്ലോമാക്കാരനാണ് അദ്ദേഹം. ആലപ്പുഴയിൽ കയർ വ്യവസായി ആയിരുന്നു. ശ്രീമൂലം പ്രജാസഭയുടെ രേഖകളിൽ (1926) 'വി. ഉമ്മൻ ജേക്കബ് (തൈപറമ്പു വീട്, ആലപ്പുഴ)' എന്നാണ് അദ്ദേഹത്തിന്റെ പേരു കാണുന്നത്. 1952 ജനുവരി 28ന് നിര്യാതനായി. പുതുപ്പള്ളിയിൽ 1939-ൽ അദ്ദേഹം സ്ഥാപിച്ച ഗേൾസ് സ്കൂൾ നിര്യാണശേഷം വി. ജെ. ഉമ്മൻ മെമ്മോറിയൽ ഇംഗ്ലീഷ് സ്കൂൾ എന്നു നാമകരണം ചെയ്തു. ഇന്ന് വി. ജെ. ഉമ്മൻ മെമ്മോറിയൽ യുപി സ്കൂൾ ആണ്.



ആദിത്യ എൽ 1 പേടകത്തെ വിജയകരമായി ഭ്രമണപഥത്തിൽ എത്തിച്ച പിഎസ്എൽവി യുടെ നേട്ടത്തിൽ പങ്ക് വഹിച്ചു പിഎസ്എൽവി വെഹിക്കിൾ ഡയറക്ടർ എം. ജെ. ലാൽ. പിഎസ്എൽവി യുടെ വിവിധ ഭാഗങ്ങൾ ശ്രീഹരിക്കോട്ടയിൽ വച്ചാണ് സംയോജിപ്പിച്ചത്. ഇവയുടെ കൂട്ടിച്ചേർക്കൽ, പരിശോധന, അവലോകനം എന്നിവയായിരുന്നു വെഹിക്കിൾ ഡയറക്ടറായ എം. ജെ. ലാലിന്റെ ദൗത്യം.

കുണ്ടറ സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗമാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



"Acquaintance and Acceptance"

(Fourth Sunday after the Feast of Dormition)
Mark 6:1-6

Fr. Geevarghese Thomas

God, who is the source of wisdom, imparts in His creation the privilege of knowing Him. Every knowledge has a selective response; to accept and be inspired for positive or negative growth. The command of God 'to not eat from the particular tree' was a knowledge, to be inspired, to cherish God's eternal providence. The misleading words of the serpent was another knowledge, which inspired the creation to negative growth (death or loosing the 'God Likeness'). Loosing the God Likeness deserted the creation from Paradise and Eternal Life (which are essential elements in God's Ontology). Even after the fall, God devised plans over the ages, to inspire the humankind through His wisdom. The chosen Patriarchs of Israel, the Prophets, the Judges, the Martyrs, the Apostles, the Evangelists and all saintly figures were inspired by God's wisdom. They witnessed God in their humble life and accepted the wisdom, to become the worthy instruments of God's salvific plan. It is necessary in our rationale capacities to discern God's wisdom from the misleading and dividing knowledge of the adversary. Lord Jesus Christ's words, works, the whole of His economy reveal God's wisdom. But it was regarded differently by different minds. Accepting the wisdom of God reinstates the effect of Paradise, with oneness among the faithful community and facilitates our lives to yield fruits of the Holy Spirit. Whereas, ignoring the wisdom of God, divides us through the deceiving knowledge, making us wolves among the sheep.

Reflections

1. The inspirations in life must facilitate Christ Likeness in our being.

"When the Sabbath came, he began to teach in the synagogue, and many who heard him were amazed. Where did this man get these things? they asked. What's this wisdom that has been given him? What are these remarkable miracles he is performing? Isn't this the carpenter? Isn't this Mary's son and the brother of James, Joseph, Judas and Simon? Aren't his sisters here with us? And they took offense at him" (Mark 6:2,3). The people at synagogue were indeed inspired by Lord Jesus Christ's words and works. They indeed knew His whereabouts. But then, they were not able to convert their acquaintance into accepting Christ. The turbulent minds couldn't grow the 'seed' within them to bear fruits in thirty, sixty and hundredfold. The place and their presence of mind were contradictory. Even at synagogue, where the Laws and the Prophets were read, where the Word of God was preached, where God Himself spoke before them, their hearts remained stubborn to accept Christ's love of descent into humanity, to raise them back into God Likeness through humility.

Lord Jesus Christ's words and miracles emanated God's wisdom. His interventions gave all who came across, the privilege of knowing Him. But, this knowledge could be transformative in one's life, only when they confessed Jesus Christ as the Messiah, the Son of the Living God. For example, let us see the difference in two persons who addressed Lord Jesus Christ as 'teacher'. "Now there was a Pharisee, a man named Nicodemus who was a member of the Jewish ruling council. He came to Jesus at night and said, Rabbi, we know that you are a teacher who has come from God. For no one could perform the signs you are doing if God were not with him" (John 3:1,2). In another account, "A certain ruler asked him, Good teacher, what must I do to inherit eternal life? Why do you call me good? Jesus answered. No one is good except God alone" (Luke 18:18,19). Both Nicodemus and the ruler addressed Jesus Christ as 'teacher'. But Nicodemus confessed Him as the one sent from God and the ruler failed to see the divinity of Christ (as he was more attached to his wealth, even though he kept all the commandments). The ruler's conviction about Christ was confined to an inspiring teacher and not as God. And Lord Jesus Christ answers him in an interesting manner - "Why do you call me good? No one is good except God alone." Lord Jesus Christ doesn't directly asks the ruler to confess Him as God. But a silent statement to believe in the Son of God. The knowledge about Lord Jesus Christ can be transformative only when we are inspired through the fear of the Lord. This is rightly recorded by the wise man - "The fear of the Lord is the beginning of wisdom, and the knowledge of the Holy One is insight" (Proverbs 9:10). 'Fear of the Lord' is not the actual state of trembling, directed by the fear of God's judgment or punishment. Rather, 'fear of the Lord' is the state or life leading in love, obedience and cherishing the Lordship of God. As we sing a beautiful hymn from the Syriac Orthodox Liturgy *(Akhilam njan aaraanjitt...)*-

All things I have considered – Nothing have I seen better
Bless'd is he who loved - the fear of the Lord
Joseph the just loved it and became king of - Egypt
Moses loved it and divided the sea with – his staff
Daniel and his friends loved it
And it saved them from the flames
More desirable than gold, - sweeter than the honeycomb
Bless'd is He who loves – the fear of the Lord.
(Wednesday, Compline, *Sheema* Prayers)

The 'fear of the Lord' enabled the pious hearts to be ploughed by humility and be nourished by the inspirations from God, to witness many fruits and grow in God Likeness. The world around us presents an ocean of knowledge. We must dive in with firm conviction and be inspired by the wisdom of God to grow and imitate Christ Likeness. The unfiltered and undiscerned inspirations and knowledge will only deceive us and weaken the actualisation of Incarnation in our lives.

Conclusion

The inspirations through the manifold interventions of loving God in our humble lives, gift us the privilege of knowing God's unparalleled and undefiled wisdom. This acquaintance of God's power, must be accepted in our life practices. It is only through growing in the 'fear of the Lord', we can grow becoming wiser, as one Church, as one Body, to restore the Paradise through God's Likeness. May God bless us.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH



ഗീവർഗീസ് മാർ കൂറീലോസ് അട്ടപ്പാടി മിഷൻ കേന്ദ്രം സന്ദർശിച്ചു.



മല്ലപ്പള്ളി മാർ അന്തോണിയോസ് ദയറായിൽ വിശുദ്ധ കുർബ്ബാനയ്ക്കും ധൂപപ്രാർത്ഥനയ്ക്കും രാജസ്ഥാൻ ജോതിസ് ആശ്രമം മാനേജർ ഫിലിപ്പോസ് റമ്പാൻ മുഖ്യകാർമ്മികത്വം വഹിച്ചു.



മൈലപ്ര മാത്യൂസ് റമ്പാച്ചന്റെ 32-ാമത് ഓർമ്മപ്പെരുന്നാൾ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന മാർ കുറിയാക്കോസ് ആശ്രമ ചാപ്പലിൽ നടത്തി. ഗീവർഗീസ് മാർ കൂറിലോസ് വി. കുർബ്ബാനയ്ക്ക് നേതൃത്വം നൽകി. ആശ്രമത്തിന്റെ വിസിറ്റിംഗ് ബിഷപ് ആയ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് കബറിങ്കൽ ധൂപപ്രാർത്ഥന നടത്തി.



അമ്പലവയൽ പഞ്ചായത്തിലെ ഈ വർഷത്തെ ഏറ്റവും മികച്ച കർഷകനുള്ള അവാർഡ് നേടിയ ചീങ്ങേരി സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകാംഗം സാബുവിനെ സുൽത്താൻബത്തേരി ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗീവർഗ്ഗീസ് മാർ ബർന്നബാസ് ഭവനത്തിൽ എത്തി അഭിനന്ദനങ്ങൾ അറിയിച്ചു.



സിനിമാ സംവിധായകൻ വിജേഷ് മണി അട്ടപ്പാടി സെന്റ് ജെംസ് വിദ്യാലയത്തിലെ അദ്ധ്യാപക ദിനാഘോഷത്തിൽ വിശിഷ്ട അതിഥിയായി പങ്കെടുത്തു. അട്ടപ്പാടിയിലെ മൂന്നു ഗോത്ര ഭാഷകളിലും സിനിമാ സംവിധാനം ചെയ്തിട്ടുള്ള വിജേഷ് മണി സെന്റ് ജെംസിൽ പുതുതായി രൂപികരിച്ച ഫിലിം ക്ലബിനു ഹൃദയപൂർവമായ സഹായം അറിയിക്കുകയും അതിലൂടെ അട്ടപ്പാടി മണ്ണിൽ നിന്നുള്ള പ്രതിഭകളായ കുഞ്ഞുങ്ങളെ കണ്ടെത്തി പുതിയ സിനിമകളിൽ അവസരമൊരുക്കി കൊടുക്കാം എന്ന് വാഗ്ദാനം നൽകിയത് കുട്ടികൾ ഹർഷാരവത്തോടെ സ്വാഗതം ചെയ്തു.